# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**
**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം-(27)/1423/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 02/08/2024
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം-(27)/1423/2024 തീയ്യതി: 02/08/2024

## മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-08-2023 മുതൽ 19-06-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 43 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ചിത്രലേഖ കെകെ ,കെഎഎസ് | ഡെപ്യൂട്ടി ഡയറക്ടർ | 20-06-2024 | 29-06-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-06-2024 | 29-06-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ നസ്സീർ .ടി.കെ ,ഓഡിറ്റ് ഓഫീസർ
ശ്രീ സന്തോഷ് .പി.ടി ,അസി.ഓഡിറ്റ് ഓഡിറ്റർ
ശ്രീ യൂസഫ്.പി ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ഹുസ്ന .വി.സി ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സഊദ ടീച്ചർ | പ്രസിഡന്റ് | 01-04-2023 | 11-06-2023 |
| ശ്രീ ശബീർ കരുമുക്കിൽ | പ്രസിഡന്റ് | 12-06-2023 | 30-06-2023 |
| ശ്രീമതി സഊദ ടീച്ചർ | പ്രസിഡന്റ് | 01-07-2023 | 31-03-2024 |
| ശ്രീ അജയ കുമാർ സി കെ | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷോമി ജോസ് | അസി.സെക്രട്ടറി | 01-04-2023 | 18-07-2023 |
| ശ്രീമതി സ്മിത ടി ജി | അസി.സെക്രട്ടറി | 19-07-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീ. അഭിജിത്ത് | അസി എഞ്ചിനീയർ | 01-04-2023 | 31-07-2023 |
| ശ്രീ അരുൺ | അസി എഞ്ചിനീയർ | 01-08-2023 | 17-09-2023 |
| ശ്രീ പ്രസന്നകുമാർ എൻ | അസി എഞ്ചിനീയർ | 18-09-2023 | 31-03-2024 |
| ശ്രീ. രജീഷ് പി സി | കൃഷി ഓഫീസർ | 01-04-2023 | 16-06-2023 |
| ശ്രീമതി രജിന വാസുദേവൻ | കൃഷി ഓഫീസർ | 17-06-2023 | 21-08-2024 |
| ശ്രീ ഡസ്സൽ സേവ്യർ | കൃഷി ഓഫീസർ | 22-08-2023 | 31-03-2024 |
| ഡോ സവിത | വെറ്ററിനറി സർജൻ | 01-04-2023 | 21-01-2024 |
| ഡോ അഞ്ജലി | വെറ്ററിനറി സർജൻ | 22-01-2024 | 24-01-2024 |
| ഡോ സവിത | വെറ്ററിനറി സർജൻ | 25-01-2024 | 31-03-2024 |
| ശ്രീമതി ബിന്ദു | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2023 | 21-06-2023 |
| ശ്രീമതി അഥീന ദേവി | ഐസിഡിഎസ് സൂപ്പർവൈസർ | 22-06-2023 | 31-03-2024 |
| ശ്രീമതി ഫരീദ | ഹെഡ്മിസ്ട്രസ് | 01-04-2023 | 31-03-2024 |
| ഡോ ബൈജു | മെഡിക്കൽ ഓഫീസർ എഫ് എച്ച് സി | 01-04-2023 | 31-03-2024 |
| ഡോ ബർദിഷ | മെഡിക്കൽ ഓഫീസർ ആയുർവേദ | 01-04-2023 | 31-03-2024 |
| ഡോ ജമാലുദ്ധീൻ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2023 | 16-06-2023 |
| ഡോ റോജ നഫ്സത്ത് | മെഡിക്കൽ ഓഫീസർ ഹോമിയോ | 17-06-2023 | 31-03-2024 |
| ശ്രീ അബ്ദുൽ കാസിം | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി ധന്യ വി എൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി അമ്പിളി കെ എം | വി ഇ ഒ | 01-04-2023 | 04-07-2023 |
| ശ്രീ വിഷ്ണു ദാസ് | വി ഇ ഒ | 05-07-2023 | 20-07-2023 |
| ശ്രീ അജിന | വി ഇ ഒ | 21-07-2023 | 31-03-2024 |
| ശ്രീ രാജ് കുമാർ | വി ഇ ഒ | 01-04-2023 | 20-09-2023 |
| ശ്രീ അബ്ദുൽ റഊഫ് വി ടി | വി ഇ ഒ | 21-09-2023 | 31-03-2024 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | തുകകൾ പൂർണ്ണസംഖ്യയിൽ രേഖപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | Cheque Deposited But Not Cleared ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകൾ ക്രമീകരിച്ചിട്ടില്ല. | 1-1-4 |
| 6 | Directly Deposited By Bank ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകൾ ക്രമീകരിച്ചിട്ടില്ല. | 1-1-5 |
| 7 | ഡെപ്പോസിറ്റ് രജിസ്റ്ററിലെ തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | ACR ചെലവു തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-8 |
| 10 | ബഡ്ജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പെൻഷൻ | 1-7 |
| 16 | ക്യാഷ് വെരിഫിക്കേഷൻ. | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | ഹരിതകർമ്മസേന -പ്രവർത്തനാവലോകനം | 1-11 |
| 20 | തൊഴിൽ നികുതി അടവാക്കാൻ അവശേഷിക്കുന്നു. | 1-12 |
| 21 | നികുതി കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു | 1-13 |
| 22 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ അവശേഷിക്കുന്നു. | 1-14 |
| 23 | മൊബൈൽ ടവർ-തുടർനടപടി വിവരം അറിയിക്കേണ്ടതാണ് | 1-15 |
| 24 | സ്കൂളുകളിലെ അനധികൃത നിർമ്മാണം-നടപടി വിവരങ്ങൾ ലഭ്യമല്ല | 1-16 |
| 25 | അനധികൃത കെട്ടിട നിർമ്മാണം - കെട്ടിടത്തിന്റെ വിശദാംശങ്ങൾ ലഭ്യമല്ല | 1-17 |
| 26 | അനധികൃത കെട്ടിട നിർമ്മാണങ്ങൾ- മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾക്ക് തുടർനടപടി ആയിട്ടില്ല. | 1-18 |
| 27 | കെട്ടിടനിർമ്മാണ പെർമിറ്റ് (A1/-BA(125879)/2018/22.05.2018)തുടർ നടപടി വിവരം ലഭ്യമാക്കണം | 1-19 |
| 28 | ഹോമിയോ ഡിസ്പെൻസറി -കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല. | 1-20 |
| 29 | എസ്എസ് കെ വിഹിതം അടവാക്കൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു. | 1-21 |
| 30 | എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ -രേഖകൾ ഹാജരാക്കിയില്ല. | 1-22 |
| 31 | വർക്കിംഗ് ഗ്രൂപ്പ് അപാകതകൾ | 1-23 |
| 32 | അതിഥി തൊഴിലാളി ക്ഷേമം -ഗ്രാമ പഞ്ചായത്ത് ശ്രദ്ധ പുലർത്തേണ്ടതാണ്. | 1-24 |
| 33 | ലൈഫ് ഭവന പദ്ധതി - അപാകതകൾ പരിഹരിക്കേണ്ടതാണ്. | 1-25 |

| | | |
|---|---|---|
| 34 | വന്യമൃഗശല്യം പരിഹരിക്കുവാൻ സോളാർവേലി സ്ഥാപിക്കൽ-പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. | 1-26 |
| 35 | തുല്യത സാക്ഷരത വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു. | 1-27 |
| 36 | മരാമത്ത് പ്രവർത്തി -പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കൽ -ഫൈൻ ഈടാക്കിയിട്ടില്ല | 1-28 |
| 37 | അസി.എൻജിനിയരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് -അപാകതകൾ | 1-29 |
| 38 | പഞ്ചായത്ത് സ്റ്റോഡിയം-പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-30-1 |
| 39 | പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം -അപാകതകൾ | 1-30 |
| 40 | തൊഴിലുറപ്പ് പദ്ധതി -മെറ്റീരിയൽ പർച്ചേസ്- അപാകതകൾ | 1-31 |
| 41 | മെഡിക്കൽ ഓഫീസർ ഹോമിയോ -മരുന്ന് ലഭ്യമാകുവാൻ അവശേഷിക്കുന്നു | 1-32 |
| 42 | മെഡിക്കൽ ഓഫീസർ എഫ് എച്ച് സി- വിവിധ പ്രോജക്റ്റുകൾ പ്രകാരമുള്ള മരുന്നുകൾ ലഭ്യാകുവാൻ അവശേഷിക്കുന്നു. | 1-33 |
| 43 | മെഡിക്കൽ ഓഫീസർ ആയുർവേദം- കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല. | 1-34 |
| 44 | "പഞ്ചായത്ത് ഫണ്ട് ധനാപഹരണം" തുടർ നടപടി വിവരം ലഭ്യമാക്കണം | 1-35 |
| 45 | പൂർത്തീകരണ വിവരം, കൈപ്പറ്റ് രശീതി മുതലായവ ലഭ്യമാക്കിയിട്ടില്ല. | 1-36 |
| 46 | തെരുവ് വിളക്ക് -സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ -സർക്കാർ ഉത്തരവ് പാലിക്കണം | 1-38 |
| 47 | സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങൽ -അപാകതകൾ | 1-39 |
| 48 | കുടിവെള്ള പൊതു ടാപ്പ് -സർക്കാർ നിർദ്ദേം പാലിക്കണം | 1-40 |
| 49 | ഫിറ്റ്നെസ്സ് എടുക്കാതെ സ്കൂളുകൾ പ്രവർത്തിക്കുന്നു | 1-41 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക കണക്ക് ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നിൽകിയതിന്റ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ തിരിച്ചടവിന്റെ വിവരം | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടിയുടെ വിവരങ്ങൾ | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**I)** കേരള പഞ്ചായത്ത് രാജ് ആക്ട് **1994** ലെ സെക്ഷൻ **215(4)** പ്രകാരം, കേരള പഞ്ചായത്ത് രാജ്(അകൗണ്ട്സ് )ചട്ടങ്ങൾ **2011, KSAD** ഓഡിറ്റ് മാന്വൽ ചാപ്റ്റർ **4.2.1 & 11.3,** സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ് ,ധനകാര്യ കമ്മീഷൻ, മറ്റു ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കേണ്ട നിർദേശങ്ങളും അനുസരിച്ച് അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ **21.05.2024** ലെ **2(1)** തീരുമാന പ്രകാരം തയ്യാറാക്കി **23.05.2024** തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് **2023** ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് **&** പെയ്മെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം**&** എക്സ്പെൻറീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2023** തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

**Ii)C&AG** ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും **C&AG** നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരാമയ തെറ്റിധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണ്ണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

**Iii)** എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : മലപ്പുറം

തീയതി : 02.08.2024

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62 (2) (എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62 (3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (-50957204/-) ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും (28916534/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 തുകകൾ പൂർണ്ണസംഖ്യയിൽ രേഖപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(2)4 പ്രകാരം തുകകൾ പൂർണ്ണ രൂപയിൽ രേഖപ്പെടുത്തേണ്ടതാണ്. ഈ നിബന്ധന പാലിച്ചിട്ടില്ല (ഉദാ. Schedule B1, Schedule B17,Schedule I-4, Schedule RP-40a).

### 1-1-4 Cheque Deposited But Not Cleared ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകൾ ക്രമീകരിച്ചിട്ടില്ല.

State Bank Of India -Epayment(67374417908) അക്കൗണ്ടിന്റെ മാർച്ച് മാസത്തിലെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ Cheque Deposited But Not Cleared ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകൾ ക്രമീകരിച്ചിട്ടില്ല.

| Sl.No. | Voucher No | Voucher Date | Amount |
|---|---|---|---|
| 1 | 121010900013 | 12.11.2021 | 1968 |
| 2 | 121010900011 | 12.11.2021 | 4634 |

**1-1-5 Directly Deposited By Bank ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകൾ ക്രമീകരിച്ചിട്ടില്ല.**

State Bank Of India -Epayment(67374417908) അക്കൗണ്ടിന്റെ മാർച്ച് മാസത്തിലെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ Directly Deposited By Bank ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകൾ ക്രമീകരിച്ചിട്ടില്ല.

| Sl.No. | Date | Amount |
|---|---|---|
| 1 | 31.05.23 | 655 |
| 2 | 30.12.23 | 903 |
| 3 | 30.11.23 | 67 |

**1-1-6 ഡെപ്പോസിറ്റ് രജിസ്റ്ററിലെ തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.**

8. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ Suppliers EMD ഇനത്തിലെ തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| രജിസ്റ്റർ | 53996 | 32500 | 2300 | 84196 |
| വാർഷിക കണക്ക് | 53996 | 7500 | 2300 | 59196 |

**1-1-7 ACR ചെലവു തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.**

ചുവടെ ചേർക്കുന്ന ഗ്രാന്റുകളുടെ ചെലവ് തുകകൾ വാർഷിക കണക്ക്, ACR എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

| ഗ്രാന്റ് ഇനം | ACR പ്രകാരം | AFS പ്രകാരം (I6+B3) |
|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 8941242 | 10186646 |
| മെയിന്റെനൻസ് ഗ്രാന്റ് (റോഡ്) | 17192708 | 7356130 |
| മെയിന്റെനൻസ് ഗ്രാന്റ് (നോൺറോഡ്) | 4003471 | 3993902 |
| അൺടൈഡ് | 5808669 | 4008669 |

**1-1-8 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

ആസ്തി രജിസ്റ്റർ (സചിത്ര) കാലികമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായില്ല.

**1-2 ബഡ്ജറ്റ്**

| | |
|---|---|
| 2023-24ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത്) |

| | തീരുമാന നമ്പർ./തിയ്യതി |
|---|---|
| 1(1)/18.03.2023 | 1(1)/12.02.2024 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 73985545.86 |
| വരവ് | 287362469.14 |
| ആകെ | 361348015 |
| ചെലവ് | 25844593.64 |
| നീക്കിയിരിപ്പ് | 102902080.36 |

(കുറിപ്പ്- വരവ് RP+ ACR ചെലവ് +B Fund +EFMS എന്നിവ ചേർന്നതാണ്.)

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 31926224 | 31926224 | 29418824 | 2507400 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 9648868 | 9648868 | 8941242 | 707626 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 33721350 | 33721350 | 17192708 | 16528642 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4092600 | 4092600 | 4003471 | 89129 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 0 | 4604000 | 4604000 | 5075896 | -471896 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 0 | 6139000 | 6139000 | 5808669 | 330331 |

### 1-4-1 ഫണ്ട് വിനിയോഗം

വിശദ വിവരം ചുവടെ ചേർക്കുന്നു

**പദ്ധതി നിർവ്വഹണം (സർക്കാർ ഗ്രാന്റ് ACR പ്രകാരം )2023-24**

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 31926224 | 31926224 | 29418824 | 2507400 |
| പ്ലാൻ (SCP) | 0 | 9648868 | 9648868 | 8941242 | 707626 |
| പ്ലാൻ (TSP) | 0 | 0 | 0 | 0 | 0 |
| CFC (Untied ) | 0 | 6139000 | 6139000 | 5808669 | 330331 |
| CFC (TIED) | 0 | 5075896 | 5075896 | 5075896 | 0 |
| റോഡ് (MG) | 0 | 33721350 | 33721350 | 17192708 | 16528642 |
| റോഡിതരം(MG) | 0 | 4092600 | 4092600 | 4003471 | 89129 |
| ആകെ | 0 | **90603938** | **90603938** | **70440810** | **20163128** |

തൻവർഷം ലഭ്യമാക്കിയ 9.06 കോടി സർക്കാർ ഗ്രാന്റിൽ 7.04 ചെലവഴിച്ച് 2.01 കോടി രൂപ തൻവർഷം ചെലവഴിക്കപ്പെട്ടിട്ടില്ല.പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കാൻ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 379 | 385208684 | 173 | 94379353 | 0 | 206 | 45 % |

**1-5-1പദ്ധതി അവലോകനം കാര്യക്ഷമമാക്കണം**

**2023-24** വിശദ വിവരം ചുവടെ

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്ടുകൾ | നിർവ്വണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 8 | 2 | 14863408 | 6137644 | 41.00% |
| വെറ്റിനറി | 8 | 8 | 0 | 6647100 | 4665021 | 70.00% |
| MO (PHC) | 14 | 11 | 3 | 7425004 | 4042582 | 54.00% |
| MO(HOMEO) | 3 | 3 | 0 | 350000 | 316613 | 90.00% |
| MO(ISM) | 4 | 4 | 0 | 1050000 | 1020274 | 97.00% |
| വി.ഇ.ഒ-1 | 10 | 9 | 1 | 155202466 | 18582300 | 12.00% |
| വി.ഇ.ഒ-2 | 15 | 7 | 8 | 11460306 | 2306123 | 20.00% |
| ഐ.സി.ഡി.എസ് | 8 | 7 | 1 | 12820356 | 10391707 | 81.00% |
| സെക്രട്ടറി | 46 | 17 | 24 | 57100517 | 13985454 | 24.00% |
| അസി.എൻജിനിയർ | 229 | 76 | 161 | 108172474 | 28011953 | 26.00% |
| എച്ച്.എം | 14 | 11 | 3 | 5264415 | 2703525 | 51.00% |
| അസി.സെക്രട്ടറി | 15 | 10 | 5 | 3682638 | 1760257 | 48.00% |
| ഡി.ഇ.ഒ | 1 | 1 | 0 | 950000 | 423000 | 45.00% |
| ഫിഷറീസ് | 2 | 1 | 1 | 220000 | 32000 | 15.00% |
| ആകെ | **379** | **173** | **206** | **385208684** | **94379353** | **25.00%** |

**ആകെ അംഗീകാരം ലഭ്യമാക്കിയ 379 പ്രൊജക്ടുകളിൽ (സ്പിൽഓവർ 111 ) 173 എണ്ണം മാത്രം നിർവ്വഹണം നടത്തി 38.52 കോടി അടങ്കൽ ഉള്ളതിൽ 9.43 കോടി ചെലവഴിക്കപ്പെട്ടു (25%). 8 നിർവ്വഹണോദ്യോഗസ്ഥരുടെ നിർവ്വഹണം 50% ത്തിൽ താഴെ മാത്രമാണ്. മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.**

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 8781 | 1024326 | 1033107 | 1030445 | 2662 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 16734387 | 16734387 | | 16734387 |

1-6-1 **: 2023-24 തൊഴിലുറപ്പ് പദ്ധതികളുടെ അവലോകനം**

| ക്രമനം. | വിശദാംശം | 2023-24 |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 5063 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ | 5063 |

| ക്രമനം. | വിശദാംശം | 2023-24 |
|---|---|---|
| | എണ്ണം | |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 219 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 22989120 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 147 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 147 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം | 57 |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പും പലിശയും ഉൾപ്പെടെ) | 15980072 |
| 9 | തൻവർഷത്തെ ചെലവ് | 15977410 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 582 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 566 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 266 |
| 16 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം | 22 |
| 19 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | 35 |

2023-24 വർഷത്തിൽ സാധന സാമഗ്രികൾ ഉൾപ്പെടുന്ന 57 പ്രവർത്തികൾ തൊഴിലുറപ്പു പദ്ധതി പ്രകാരം താഴെപ്പറയും പ്രകാരം നിർവ്വഹിച്ചിട്ടുണ്ട്

| പ്രവർത്തി | |
|---|---|
| റോഡ് | 23 |
| കോഴിക്കൂട് | 3 |
| ആട്ടിൻകൂട് | 1 |
| തൊഴുത്ത് | 5 |
| കയർ ഭൂവസ്ത്രം | 4 |
| മറ്റുള്ളവ | 22 |
| ആകെ | 57 |

രജിസ്റ്റർ ചെയ്ത എല്ലാവർക്കും 100 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ ഉതകുന്ന ആക്ഷൻ പ്ലാൻ തയ്യാറാക്കി നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 ക്ഷേമ പെൻഷൻ

| | | |
|---|---|---|
| കർഷക തൊഴിലാളി വേതനം | 5620800 | 483 |
| വിധവാപെൻഷൻ | 26044600 | 2388 |
| വാർദ്ധക്യകാലപെൻഷൻ | 39112700 | 3690 |
| വികലാംഗപെൻഷൻ | 7709500 | 706 |
| വിവാഹ ധനസഹായം | .. | .. |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2076200 | 190 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.06.2024 ന് 11.00 Am ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 2938/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. വിവിധ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിറവേറ്റുന്നില്ല.
2.മുൻകാലങ്ങളിലെ അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും പഞ്ചായത്ത്

നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.
3. മാസ്റ്റർ ഇൻക്യുബൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല
4. 2018-19 സാമ്പത്തിക വർഷത്തെ ധനാപഹരണ ക്രമക്കേടിൽ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക തിരികെ ഈടാക്കുന്നതിന് തുടർ നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.
5.ഖരമാലിന്യ സംസ്കരണത്തിന് സ്ഥിരം എം.സി.എഫ് നിർമ്മിക്കാത്തത് അടിയന്തിര പ്രധാന്യത്തോടെ ഏറ്റെടുക്കേണ്ടതാണ്.
6.തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് സംയുക്ത പരിശോധന നടത്തി കൃത്യത ഉറപ്പക്കേണ്ടതാണ്.
7.ജലജീവൻ മിഷൻ പ്രവർത്തന ക്ഷമമാവുന്ന മുറയ്ക്ക് പൊതുടാപ്പുകൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23/1/2023 | 1/12/2022 മുതൽ 31/12/2023 | 23/1/2023 |
| എ.ജി ഓഡിറ്റ് | 02/02/2015 | 2009-10 മുതൽ 2013-14 വരെ | 16/03/2015 |

## 1-11 ഹരിതകർമ്മസേന -പ്രവർത്തനാവലോകനം

അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്- ഹരിതകർമ്മസേന പ്രവർത്തനാവലോകനം
1)അടിസ്ഥാന വിവരങ്ങൾ

1.പഞ്ചായത്തിലെ ആകെ ജനസംഖ്യ -56451 (സെൻസസ് 2011)
2.ആകെ വാർഡുകളുടെ എണ്ണം -23
3.ഓരോ വാർഡുകളിലെയും ആൾ താമസമുള്ള വീടുകളുടെ എണ്ണം

| വാർഡ് | വീടുകളുടെ എണ്ണം |
|---|---|
| 1 | 604 |
| 2 | 638 |
| 3 | 705 |
| 4 | 647 |
| 5 | 701 |
| 6 | 698 |
| 7 | 693 |
| 8 | 533 |
| 9 | 714 |
| 10 | 592 |
| 11 | 506 |
| 12 | 691 |
| 13 | 697 |
| 14 | 689 |
| 15 | 617 |
| 16 | 735 |
| 17 | 647 |
| 18 | 803 |

| | |
|---|---|
| 19 | 688 |
| 20 | 711 |
| 21 | 730 |
| 22 | 744 |
| 23 | 607 |
| TOTAL | 15390 |

**4.ഓരോ വാർഡിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം**

| | |
|---|---|
| 1 | 28 |
| 2 | 50 |
| 3 | 39 |
| 4 | 30 |
| 5 | 40 |
| 6 | 29 |
| 7 | 61 |
| 8 | 37 |
| 9 | 31 |
| 10 | 58 |
| 11 | 66 |
| 12 | 60 |
| 13 | 64 |
| 14 | 70 |
| 15 | 65 |
| 16 | 17 |
| 17 | 29 |
| 18 | 52 |
| 19 | 50 |
| 20 | 35 |
| 21 | 42 |
| 22 | 34 |
| 23 | 32 |
| TOTAL | 1019 |

**5. വാർഡിലെ ഹരിതകർമ്മസേനയിലെ അംഗങ്ങളുടെ എണ്ണം -16**

**2)മാലിന്യശേഖരണ കാര്യക്ഷമത-**

**നിലവിൽ വാടകയ്ക്ക് എടുത്തിട്ടുള്ള സ്ഥലത്തെ ഷെഡ്ഡിലാണ് MCF പ്രവർത്തിക്കുന്നത്. ഹരിതകർമ്മസേനാംഗങ്ങൾ 16 പേർ മാത്രമാണുള്ളത്. മാലിന്യം നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിന് സ്വന്തമായി ഒരു വാഹനമുണ്ട്.എങ്കിലും**

**മാലിന്യങ്ങൾ കെട്ടിക്കിടക്കുന്ന സാഹചര്യം നിലനിൽക്കുന്നു.**

**3)മാലിന്യ വേർതിരിവ് പാലിക്കൽ-**

ഉറവിടത്തിൽ തന്നെ സെഗ്രിഗേഷൻ നടത്തി ഇനം തിരിച്ച് മാലിന്യം ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നതിനു വേണ്ടി പൊതുജനങ്ങൾക്ക് നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നല്കിയിട്ടുണ്ടെങ്കിലും പൂർണ്ണമായി പാലിക്കുവാൻ ജനങ്ങൾ തയ്യാറാകാത്ത സ്ഥിതിയുണ്ട്. MCF ൽ എത്തുന്ന മാലിന്യം വേർതിരിച്ചു പരിപാലിക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ഉറവിടത്തിൽ തന്നെ വേർതിരിച്ചു ലഭിക്കുന്നത് 70 ശതമാനത്തിനു മുകളിലാണ്. റിജകട്ഡ് വേസ്റ്റ് നീക്കം ചെയ്യുന്നത് ക്ലീൻ കേരള കമ്പനിയാണ്. സമയബന്ധിതമായി നീക്കാത്തതുമൂലമുള്ള പ്രശ്നങ്ങൾ നിലനിൽക്കുന്നു.

**4)റീസൈക്ലിംഗ്**

**വഴിയോരങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ബിന്നുകൾ, ബോട്ടിൽ ബൂത്തുകൾ, ജലസ്രോതസ്സുകൾ മുതലായ സ്ഥലങ്ങളിൽ നിന്നും ലഭിക്കുന്ന മാലിന്യം MCFൽ എത്തിച്ച് സെഗ്രിഗേറ്റ് ചെയ്ത് പ്രോസസ് ചെയ്യുന്നു. റീസൈക്ലിംഗ് പ്രോസസ് നടപ്പാക്കുന്നില്ല.**

**5)കമ്മ്യൂണിറ്റി എൻഗേജ്മെന്റ്**

**പഞ്ചായത്തിലെ മാലിന്യശേഖരണ പരിപാലന പ്രവർത്തനങ്ങളിൽ ഹരിതകർമ്മസേനയോടൊപ്പം, കുടുംബശ്രീ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ, റസിഡൻറ്സ് അസോസിയേഷനുകൾ എന്നിവരെ കൂട്ടി യോജിപ്പിച്ചുകൊണ്ട് സമഗ്രമായ രീതിയിൽ മാലിന്യശേഖരണവും സംസ്കരണവും നടത്തുന്നതിനാണ് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചു വരുന്നത്. ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കേന്ദ്രത്തിൽ 2 ക്ലാസ്സുകളും വാർഡുതലങ്ങളിൽ 23 ക്ലാസ്സുകളും നടത്തിയിട്ടുണ്ട്.**

**6)തൊഴിൽ സൃഷ്ടിക്കൽ**

ഹരിതകർമ്മസേനാംഗങ്ങൾക്കും വാഹനഡ്രൈവർക്കും പ്രത്യക്ഷമായ തൊഴിൽ നല്കുന്നതിനും റിജക്ടഡ് വേസ്റ്റ് പരിപാലിക്കുന്ന ഏജൻസിയിലെ ജീവനക്കാർക്കും പരോക്ഷമായും തൊഴിൽ നല്കുന്നതിന് സാധിക്കുന്നു.

**7)അടിസ്ഥാന സൗകര്യ വികസനം**

വാടകയ്ക്ക് എടുത്തിട്ടുള്ള സ്ഥലത്തെ ഷെഡ്ഡിലാണ് MCF പ്രവർത്തിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മാലിന്യശേഖരണത്തിനും സംസ്കരണത്തിനും വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. നിലവിലുള്ള സ്ഥലം ചെരിവു പ്രദേശമായതിനാലും മഴ സമയത്ത് വാഹനം എത്തുന്നതിനും പ്രയാസമാണ്. പഞ്ചായത്ത് 4-ാം വാർഡ് പീച്ചാണിപ്പറമ്പ് പ്രദേശത്ത് ഒരേക്കർ സ്ഥലം വാങ്ങുന്നതിന് നടപടികൾ പൂർത്തിയായി വരുന്നു. നിലവിൽ സ്ഥലത്തിന്റെ വാലുവേഷനു വേണ്ടി ഫയൽ തഹസിൽദാർ ഓഫീസിലാണ്. 2023-24 വാർഷിക പദ്ധതിയിൽ പഞ്ചായത്തിന് സ്വന്തമായി പിക്കപ്പ് വാൻ വാങ്ങുകയും ആയത് ഉപയോഗിച്ച് മാലിന്യം ശേഖരിക്കുകയും ചെയ്തു വരുന്നു. 2024-25 വാർഷിക പദ്ധതിയിൽ MCF കെട്ടിടനിർമ്മാണത്തിനും ബെയ് ലിംഗ് മെഷീൻ, സെഗ്രിഗേഷൻ ടേബിൾ, അനുബന്ധ സൗകര്യങ്ങൾക്കുമായി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

**8)പാരിസ്ഥിതിക ആഘാതം**

**പഞ്ചായത്ത് പ്രദേശത്തെ എല്ലാ വാർഡുകളിൽ നിന്നും മാലിന്യം ശേഖരിച്ച് MCFൽ എത്തിക്കുകയും അവിടെ വച്ച് സെഗ്രിഗേറ്റ് ചെയ്യുകയും ചെയ്തു വരുന്നു. എന്നാൽ ക്ലീൻ കേരള കമ്പനി ഫെബ്രുവരി മാസം മുതൽ സമയബന്ധിതമായി കൃത്യനിഷ്ഠയോടും കൂടി റിജക്ടഡ് വേസ്റ്റ് കൊണ്ടുപോകാതിരുന്നതിനാൽ മാലിന്യം MCFൽ കൂടിക്കിടക്കുകയും പായ്ക്ക് ചെയ്തു വച്ചിരുന്ന മാലിന്യചാക്കുകൾ വേനൽ സമയത്ത് പൊട്ടി പരിസരത്ത് മാലിന്യം ചിതറുകയും ചെയ്തിരുന്നു. നിരവധി പരാതികൾക്കും അപേക്ഷകൾക്കും മേലധികാരികളുടെ നിർദ്ദേശങ്ങൾക്കും ശേഷം ടി കമ്പനി മാലിന്യം കൊണ്ടുപോയിത്തുടങ്ങിയിട്ടുണ്ട്. മാലിന്യം മൂലം പാരിസ്ഥിതിക പ്രശ്നങ്ങളിൽ ലഭിക്കുന്ന പരാതികളിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ട്. 49 പരാതികൾ ലഭിച്ചതിൽ 44 പരാതികളിൽ ഫൈൻ ഈടാക്കി. എല്ലാ പരാതികളിലും തീർപ്പു കല്പിച്ചു.**

**9) പരിശീലനവും വികസനവും**

**ഹരിതകർമ്മസേനാംഗങ്ങൾക്കും ജനപ്രതിനിധികൾക്കും പഞ്ചായത്ത് നേരിട്ടും ശുചിത്വമിഷനും ഹരിതസഹായ സ്ഥാപനമായ സോഷ്യോ ഇക്കണോമിക് യൂണിറ്റും പരിശീലനങ്ങൾ നല്കിവരുന്നുണ്ട്. ഹരിതമിത്രം ആപ്പ് ഇൻസ്റ്റാൾ ചെയ്യുന്നതുമായി ബന്ധപ്പെട്ട പരിശീലനം കെൽട്രോണും നല്കിയിട്ടുണ്ട്.**

**10)നിയമങ്ങൾ പാലിക്കൽ**

**മാലിന്യനിർമ്മാർജ്ജനം, ശുചീകരണം എന്നിവ സംബന്ധിച്ച നിയമങ്ങൾ ജനങ്ങളെ ബോധവല്കരിക്കുന്നതിന് ഓൺലൈൻ മീഡിയ, നോട്ടീസുകൾ, ബ്രോഷറുകൾ മുതലായവ വഴി പ്രചാരണം നടത്തിയിട്ടുണ്ട്. നിയമലംഘനം കണ്ടെത്തുന്നതിന് പരിശോധനകളും പിഴ ഉൾപ്പടെയുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. നിശ്ചിത ഇടവേളകളിൽ പരിശോധനകൾ നടത്തി വരുന്നു. മാലിന്യം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ട്. 49 പരാതികൾ ലഭിച്ചതിൽ 44 പരാതികളിൽ ഫൈൻ ഈടാക്കി. നാളിതുവരെ 2,25,350/- രൂപ പിഴ ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. എല്ലാ പരാതികളിലും തീർപ്പു കല്പിച്ചു.**

**11)ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം**

അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിൽ 23 വാർഡുകളിലേയ്ക്ക് 46 ഹരിതകർമ്മസേനാംഗങ്ങളാണ് ആവശ്യമുള്ളത്. നിലവിൽ 16 പേർ മാത്രമാണുള്ളത്. ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം കൂട്ടുന്നതിന് കുടുംബശ്രീ വഴിയും പഞ്ചായത്ത് തനതായും സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചു എങ്കിലും ഹരിതകർമ്മസേനയിൽ ചേരുന്നതിന്

വനിതകളെ കിട്ടാത്ത സാഹചര്യത്തിൽ ബഹു.ജോയിൻറ് ഡയറക്ടറുടെ അനുമതിയോടെ പുരുഷൻമാരെ റിക്രൂട്ട് ചെയ്യുന്നതിനും സമാനമായ നടപടികൾ സ്വീകരിച്ചു. 3 പുരുഷൻമാരെ മാത്രമേ ലഭ്യമായിട്ടുള്ളൂ. നിലവിൽ 13 വനിതകളും 3 പുരുഷൻമാരുമാണ് പ്രവൃത്തി ചെയ്തു വരുന്നത്. ഇവരുടെ സാദ്ധ്യതയ്ക്കനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.

**മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി(MCF) റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)**

**1)അടിസ്ഥാന വിവരങ്ങൾ**

| | |
|---|---|
| 1)MCF/RRF സ്ഥിരം/ താത്കാലികം | MCF താത്കാലികം |
| 2)ബെയ്ലിംഗ്/ഷ്രെഡിംഗ് യൂണിറ്റുകൾ ഉണ്ടോ ഉണ്ടെങ്കിൽ അവ സ്ഥിതി ചെയ്യുന്ന സ്ഥല വിവരം | പഞ്ചായത്ത് MCF വാടകയ്ക്ക് (വാർഡ് -4, മുക്കിൽ പീടിക, ചള്ളപ്പുറത്ത് ബഷീർ, 4/43 സി കെട്ടിടം) ആണ് പ്രവർത്തിച്ചിരുന്നത്. പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത 2017-18 ൽ പ്രൊജക്ട് നം 156/18, അടങ്കൽ 15 ലക്ഷം രൂപ വകയിരുത്തി 982843/- രൂപ ചെലവഴിച്ച 15 HP മോട്ടോർ ഉൾപ്പെടുന്ന 100 കിലോ പ്രൊസ്സസ്സിങ് കപ്പാസിറ്റിയുള്ള പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് 7.5 HP കപ്പാസിറ്റിയുള്ള ബെയ്ലിങ് യൂണിറ്റ് എന്നിവ ക്ലീൻ കേരള കമ്പനി മുഖേന വാങ്ങിയത് അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്തിന് കൈമാറിയത് സ്വകാര്യ വക്തിയുടെ സ്ഥലത്ത് പ്രവർത്തിക്കുന്ന MCF ൽ സ്ഥാപിച്ചത പ്രവർത്തനക്ഷമമാക്കാത്ത നിലയിൽ ആയിരിക്കെ പഞ്ചായത്ത് സെക്രട്ടറി 4.12.2021 ന് ആയത് മോഷണം പോയത് സംബന്ധിച്ച FIR നമ്പർ 0399 IPC 1860 (454,380) പ്രകാരം മങ്കട പോലിസ് സ്റ്റേഷനിൽ പരാതിയിൽ കേസ്സ് നിലനിൽക്കുന്നു. തൊണ്ടിമുതൽ (ബെയ്ലിംഗ് യൂണിറ്റും, ഷ്രഡിങ്ങ് യൂണിറ്റും) നിലവിൽ പോലീസ് കസ്റ്റഡിയിലാണ്. യഥാസമയം ഷ്രെഡിംഗ്& ബെയ്ലിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കാത്തത് പഞ്ചായത്തിന്റ വീഴ്ചയായി വിലയിരുത്തുന്നു. |
| 3)അവയുടെ വാർഡ് തിരിച്ചുള്ള എണ്ണം | ഇല്ല |
| 4)അവ പ്രയോജനപ്പെടുത്തുന്നുണ്ടോ | ഇല്ല |
| 5)അവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോ (ടാപ്പിങ് ഏരിയ, സ്റ്റോറേജ് ഏരിയ, സോർട്ടിങ് ഏരിയ, മെഷിനറി ഏരിയ, ശുചിമുറി എന്നിവ) | എല്ലാ വർഡുകളിലും ഒന്നു വീതം ആകെ 23 മിനി MCFകൾ ഉണ്ട് |
| 6)അവയിലേയ്ക്ക് റോഡ് ഗതാഗത സൗകര്യം ഉണ്ടോ | ഉണ്ട് |
| 7)അവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നില നിൽക്കുന്നുണ്ടോ | ഇല്ല |

**2) മാലിന്യകൈമാറ്റ കാര്യക്ഷമത-**

വാർഡുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതും MCFൽ എത്തിക്കുന്നതും കാര്യക്ഷമമായി നടക്കുന്നുണ്ട്. എന്നാൽ റിജക്ടഡ് വേസ്റ്റ് MCFൽ നിന്നും കൊണ്ടു പോകുന്നതിന് കരാർ എടുത്തിട്ടുള്ള ക്ലീൻ കേരളാ കമ്പനി സമയബന്ധിതമായി മാലിന്യം നീക്കം ചെയ്യാത്തതുമൂലമുള്ള പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിച്ചിട്ടില്ല.

**3)മാലിന്യ സംഭരണ ശേഷി**

| | |
|---|---|
| 1)ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിന്റെ അളവ് ജൈവം/അജൈവം | 360 കിലോ (അജൈവം) |

| | |
|---|---|
| 2) ആകെ വിസ്തൃതി | **MCF RRF**<br>**120 M2** |
| 1)ടാപ്പിംഗ് ഏരിയ | **NIL** |
| 2)സ്റ്റോറേജ് ഏരിയ | **50 M2** |
| 3)സോർട്ടിംഗ് ഏരിയ | **30 M2** |
| 4)മെഷിനറി ഏരിയ | **NIL** |
| 5)കളക്ഷൻ ഏരിയ | **40 M2** |

മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

വാർഡുകളിൽ നിന്നും മാസം തോറും ഹരിതകർമ്മസേനാംഗങ്ങൾ അജൈവമാലിന്യം ശേഖരിക്കുന്നു. അവ വാഹനത്തിൽ MCFൽ എത്തിച്ചശേഷം സെഗ്രിഗേറ്റ് ചെയ്ത് മൂല്യമുള്ള സാധനങ്ങൾ വില്ക്കുകയും റിജക്ടഡ് വേസ്റ്റ് ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയും ചെയ്യുന്നു.

ശുചിത്വമാനദണ്ഡങ്ങൾ

ഓരോരുത്തരുടെയും മാലിന്യം അവരവരുടെ ഉത്തരവാദിത്വമാണ് എന്ന തത്വത്തിലൂന്നി സമ്പൂർണ്ണ ശുചിത്വ അങ്ങാടിപ്പുറം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള പരിപാടികളും പ്രവർത്തനങ്ങളും ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു.

**യഥാസമയം മാലിന്യം ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതു സംബന്ധിച്ച്**

യഥാസമയം മാലിന്യം ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതു സംബന്ധിച്ച് റിജക്ടഡ് വേസ്റ്റ് MCFൽ നിന്നും കൊണ്ടു പോകുന്നതിന് കരാർ എടുത്തിട്ടുള്ളത് ക്ലീൻ കേരളാ കമ്പനിയാണ്. കമ്പനിക്ക് മാലിന്യം യഥാസമയം കൈമാറുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കുന്നുണ്ടെങ്കിലും കമ്പനി ടി സാധനങ്ങൾ സമയബന്ധിതമായി നീക്കം ചെയ്യാത്തതു മൂലം MCFപ്രവർത്തനം പലപ്പോഴും തടസ്സപ്പെടുന്ന സ്ഥിതിയാണ് നിലവിലുള്ളത്

PHOTO : MCF അങ്ങാടിപ്പുറം



MINI MCF അങ്ങാടിപ്പുറം




ഓഡിറ്റ് നിർദ്ദേശം

MCF ന് സ്ഥിരം സംവിധാനം കണ്ടെത്തി ബ്ലോക്ക് പഞ്ചായത്ത് കൈമാറിയ ഷ്രെഡിംഗ് യൂണിറ്റ് ഉപയോഗപ്രദമാക്കി കുറ്റമറ്റ രീതിയിൽ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി അടവാക്കാൻ അവശേഷിക്കുന്നു.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204, 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട് . എന്നാൽ പഞ്ചായത്തിലെ 2023-24

സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേൺസും പരിശോധിച്ചതിൽ ചുവടെ ചേർത്ത സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് വ്യക്തമായി.

1.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അടവാക്കാൻ അവശേഷിക്കുന്ന അർദ്ധ വർഷം |
|---|---|---|
| 1 | Post Office Puthanangadi | 23-24 -I&II Half |
| 2 | Mark Motors Angadipuram | 23-24-II Half |
| 3 | Anwar English School | 23-24 -I&II Half |
| 4 | Dhankodi Chitty Pvt Ltd | 23-24 -I&II Half |
| 5 | Al Jamiya Al Islamiya Arts & Science College | 23-24 -I&II Half |
| 6 | Desasevini Edu Centre | 23-24 -I&II Half |
| 7 | Elight Dental Studio Puthanangadi | 23-24 -I&II Half |
| 8 | Wood Pecker Interiors | 23-24 -I&II Half |
| 9 | Dezone Group Of Institution | 23-24 -I&II Half |
| 10 | Post Office Cherakkaparamba | 23-24 -I Half |
| 11 | Noble Auto Agency | 23-24 -I&II Half |
| 12 | Chethans Medicalements | 23-24 -I&II Half |
| 13 | Toddy Shop Angadipuram | 23-24 -II Half |
| 14 | Delhivery | 23-24 -I Half |

2. റേഷൻകടയിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് ഡയറക്ടർ 18.08.2017ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അയച്ച സി4-25910/17 നമ്പർ കത്ത്, സിവിൽ സപ്ലൈസ് ഡയറക്ടർ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് അയച്ച നമ്പർ (സി.എസ്.)എ9-764/2019 തിയതി: 22-01-2019, കത്ത് എന്നിവയിൽ റേഷൻകടകളെ പഞ്ചായത്ത് തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(2/21.06.24,5/22.06.24) മുഴുവൻ സ്ഥാപനങ്ങൾക്കും തൊഴിൽ നികുതി അടവാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 നികുതി കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചാത്തിന്റെ 2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രിക B 15 പ്രകാരം വസ്തു നികുതി (Residential & Non Residential) ഇനത്തിൽ ₹ 26,83,837/- കുടിശ്ശിക ഉണ്ട് . കുടിശ്ശിക ഈടാക്കുന്നതിന് കേരള പഞ്ചായത്ത് രാജ് നിയമം, ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/24.06.24)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി ഇനത്തിൽ നിലനിൽക്കുന്ന കുടിശ്ശിക പൂർണ്ണമായും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ അവശേഷിക്കുന്നു.

പഞ്ചായത്തിന്റെ 2023-24വാർഷിക കണക്കിലെ ഷെഡ്യൂൾ B-7 പ്രകാരം ചുവടെ ചേർത്ത ഡെപ്പോസിറ്റുകൾ അവശേഷിക്കുന്നുണ്ട്.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | Contractor’s Earnest Money Deposit | 1,347,435 |
| 2 | Supplier’s Earnest Money Deposit | 59,196 |
| 3 | Bidder’s Earnest Money Deposit | 38,235 |
| 4 | Contractor’s Security Deposit | 37,420 |
| 5 | Supplier’s Security Deposit | 214,355 |
| 6 | Contractor’s Retension | 457,606 |
| 7 | Election Deposit | 133,000 |
| 8 | Other Deposit | 9472 |
| 9 | Rent Deposit | 130,000 |
| 10 | Auction Deposit | 18,700 |
| Total | | 2,445,419 |

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2015-16 മുതലുള്ള ഡെപ്പോസിറ്റുകൾ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. കേരള ഫിനാൻസ് കോഡ് ആർട്ടിക്കിൾ 56 (ബി) പ്രകാരം Liability Periodന് ശേഷം മൂന്ന് വർഷം കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതായിരുന്നു. മേൽപ്പറഞ്ഞവയിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ നടപടി സ്വീകരിച്ചിട്ടുള്ളതിന്റെ വിവരം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(21/26.6.24) 01.07.24ന് ചേരുന്ന പഞ്ചായത്ത് കമ്മറ്റിയിൽ അജണ്ട ചേർത്തിട്ടുണ്ടെന്നും ആയത് പ്രകാരം തുടർനടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 മൊബൈൽ ടവർ-തുടർനടപടി വിവരം അറിയിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ 2023-24 സാമ്പത്തിക വർഷം പെർമിറ്റ് നൽകിയ ATC Telecome Infrastructure Pvt Ltd എന്ന മൊബൈൽ ടവറിന്റെ ഫയൽ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഫയൽ നമ്പർ | A4-/5599/2022/15.10.22 |
| പെർമിറ്റ് നമ്പർ | A4-BA(353353)2022/11.11.22 |
| റീ സർവ്വേ നമ്പർ | S-15/4-1 R-15/4-1 |

മേൽ നമ്പർ പെർമിറ്റ് പ്രകാരം ടവറിന്റെ പെർമിറ്റ് കാലാവധി 10.11.2023 ന് അവസാനിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണം പൂർത്തീകരിച്ച് നമ്പർ അനുവദിച്ചതിന്റെയോ നിർമ്മാണം പൂർത്തിയായിട്ടില്ലെങ്കിൽ പെർമിറ്റ് ദീർഘിപ്പിച്ച് നൽകിയതിന്റെയോ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/24.06.24) പ്രസ്തുത ടവർ നിർമ്മാണം പൂർത്തിയാക്കി 27.04.23 ന് കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചിട്ടുള്ളതാണെന്നും ആയതിന് 24.01.24 ന് ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ടെന്നും എന്നാൽ ഫോം 2 ഹാജരാക്കാത്തതിനാൽ നമ്പർ അനുവദിച്ചിട്ടില്ലയെന്ന് മറുപടി ലഭ്യമാക്കി. നമ്പർ അനുവദിച്ച് നികുതി നിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-16 സ്കൂളുകളിലെ അനധികൃത നിർമ്മാണം-നടപടി വിവരങ്ങൾ ലഭ്യമല്ല

പഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ പ്രകാരം അസിസ്റ്റന്റ് എഞ്ചിനിയർ ഫിറ്റ്നസ് നൽകിയ സ്കൂൾ ക്ലാസ്സ്മുറികളുടെ വിവരവും പഞ്ചായത്തിൽ നമ്പർ നൽകിയ കെട്ടിടങ്ങളുടെ വിവരവും പരിശോധിച്ചതിൽ സ്കൂളുകളുടെ ആകെ വിസ്തീർണ്ണത്തിൽ വലിയ വ്യത്യാസം കാണുന്നു. ഇതിൽ നിന്ന് അനധികൃത കെട്ടിട നിർമ്മാണം നടന്നിട്ടുണ്ട് എന്ന് വ്യക്തമാണ്. പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ തരകൻ എച്ച് എസ് എസ്, എ എം എച്ച് എസ് എസ് എന്നീ സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്കൂൾ | പഞ്ചായത്ത് നമ്പർ നൽകിയ കെട്ടിടത്തിന്റെ വിവരം.(സഞ്ചയയിൽ നിന്ന് ലഭ്യമാക്കിയത്) | ഫിറ്റ്നസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷയിൽ അവകാശപ്പെട്ട ാസ്സ് മുറികളുടെ വിസ്തീർണ്ണം |
|---|---|---|

| | | | |
|---|---|---|---|
| Tharakan HSS | **13/519 -25 M2**<br>**13/520 -50 M2**<br>**13/521-50 M2**<br>**13/522-50 M2**<br>**13/523-50 M2**<br>**13/524-50 M2**<br>**13/525-50 M2**<br>**13/526-50 M2**<br>**13/527-50 M2**<br>**13/528-50 M2**<br>**13/529-50 M2**<br>**ആകെ= 525 M2** | **ഹൈസ്കൂൾ**<br>**15.60x4.77=74.412**<br>**13.38x3.30=44.154**<br>**15.78x4.65=73.377**<br>**11.94x5.10=60.894**<br>**6x9.18=55.08**<br>**16.71x4.77=79.7**<br>**19.60x5.40=105.84**<br>**18x5=90**<br>**18x6=108**<br>**6x6x2=72**<br>**6x6x5=180**<br>**6x6x5=180**<br>**6x6x5=180**<br>9.30x6.60=61.38<br>6x6x2=72<br>6x6x2=72<br>12x6=72<br>6x6=36<br>24.90x6=149.4<br>12x6=72<br>6x6x3=108<br>6x6x3=108<br>6x6x3=108<br>6x6.20x5=186<br>**6x6.20x5=186**<br>**6x6x4=144**<br>**ആകെ - 2678.237** | **HSS**<br>**12x6=72**<br>9x6x2=108<br>6x6=36<br>12x6=72=<br>9x6x2=108<br>6x6=36<br>12x6=72<br>9x6x2=108<br>6x6=36<br>**ആകെ=648 M2** |
| | | **ആകെ - 3326.237 M2** | |
| AM HSS | 194 D-629.94<br>194 E-621.7<br>537 D-79.93<br>537 E-79.93<br>**Total-14115.5 M2** | Hs<br>2x30x6.3=378<br>30x6= 180<br>30x6=180<br>24x6=144<br>24x6=144<br>3x30x6=540<br>2x24x6=288<br>2x18x6=216 | HSS<br>9x6x4=216<br>6x6x2=72<br>12.6x6=75.6<br>65.25x1.80=117.45<br>9x6x2=108<br>12.06x6x2=144.72<br>9x6x2=108<br>65.25x1.80=117.45 |

| | | |
|---|---|---|
| | 12x6=72<br>**2142 M2** | **959.22m2** |
| | **ആകെ = 3101.22 M2** | |

[കുറിപ്പ് . ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് നൽകുന്ന അപേക്ഷയിൽ ക്ലാസ്സ് മുറികളുടെ വിവരം മാത്രമാണ് രേഖപ്പെടുത്തുന്നത് എന്നതിനാൽ യഥാർത്ഥത്തിലുള്ള കെട്ടിട വിസ്തീർണ്ണം മുകളിലെ പട്ടികയിൽ പരാമർശിച്ചതിലും വളരെയധികം വർദ്ധിക്കും.]

പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കെട്ടിടങ്ങൾ പരിശോധിച്ച് അനധികൃത നിർമ്മിതികൾ കണ്ടെത്തി നിയമപ്രകാരം ക്രമവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/27.06.24) സ്ഥാപന ഉടമകൾക്ക് നോട്ടീസ് നൽകുന്നതാണെന്നും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് വാർഡ് തലത്തിൽ സർവ്വെ നടപടികൾ തുടങ്ങിയിട്ടുണ്ടെന്നും ആയതിന് തുടർനടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.
ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലെയും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമാനുസൃതമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-17 അനധികൃത കെട്ടിട നിർമ്മാണം - കെട്ടിടത്തിന്റെ വിശദാംശങ്ങൾ ലഭ്യമല്ല

മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ DDP-MPM/2026/2022-D4 തിയതി 02.09.2022 ലെ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചട്ടലംഘനം നടത്തി നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചതിൽ ക്രമക്കേടുകൾ നടത്തിയ ഉദ്യോഗസ്ഥനെ അന്വേഷണവിധേയമായി സേവനത്തിൽ നിന്ന് സസ്പെന്റ് ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമ | സർവ്വേ നം | അനുവദിച്ച കെട്ടിടനമ്പർ | അപാകത/ കുറിപ്പ് |
|---|---|---|---|---|
| 1 | ശ്രീ.അബ്ദുൽ ഹമീദ്, പൊന്ന്യാംകുർശി | 2/2-14 | 9/167 B | നഞ്ച ഭൂമിയിൽ നിർമ്മിച്ച 86.82 ച മീ വിസ്തീർണ്ണമുള്ള വാസഗൃഹത്തിന് നമ്പർ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും വാർഡ് ക്ലർക്ക് വസ്തുനികുതി ഡിമാന്റ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി കെട്ടിടനമ്പർ അനുവദിച്ചു. എന്നാൽ പിന്നീട് നടത്തിയ അന്വേഷണത്തിൽ കെട്ടിടത്തിന് ആകെ 240.19 ച.മീ. വിസ്തീർണ്ണമുണ്ടെന്ന് കണ്ടെത്തി. |
| 2 | ശ്രീ. അബ്ദുൽ നാസർ, പൊന്ന്യാംകുർശി | 2/2-14 | 9/167 C | നഞ്ച ഭൂമിയിൽ നിർമ്മിച്ച 86.40 ച മീ വിസ്തീർണ്ണമുള്ള വാസഗൃഹത്തിന് നമ്പർ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും വാർഡ് ക്ലർക്ക് വസ്തുനികുതി ഡിമാന്റ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി കെട്ടിടനമ്പർ അനുവദിച്ചു. എന്നാൽ പിന്നീട് നടത്തിയ അന്വേഷണത്തിൽ കെട്ടിടത്തിന് ആകെ 133.08 ച.മീ. വിസ്തീർണ്ണമുണ്ടെന്ന് കണ്ടെത്തി |
| 3 | ശ്രീമതി. റമീന പുത്തൻപീടിയേക്കൽ | 74/9-3 | 8/676 A | നഞ്ച ഭൂമിയിൽ നിർമ്മിച്ച 83.67 ച മീ വിസ്തീർണ്ണമുള്ള വാസഗൃഹത്തിന് നമ്പർ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും വാർഡ് |

| | | | | |
|---|---|---|---|---|
| | | | | ക്ലർക്ക് വസ്തുനികുതി ഡിമാന്റ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി കെട്ടിടനമ്പർ അനുവദിച്ചു. എന്നാൽ പിന്നീട് നടത്തിയ അന്വേഷണത്തിൽ കെട്ടിടത്തിന് ആകെ 156.35 ച.മീ. വിസ്തീർണ്ണമുണ്ടെന്ന് കണ്ടെത്തി |
| 4 | ശ്രീ. ഷിബിൻ, പുഴക്കൽ ഹൗസ് | 78/3-3 | 23/334 B | നഞ്ച ഭൂമിയിൽ നിർമ്മിച്ച 86.40 ച മീ വിസ്തീർണ്ണമുള്ള വാസഗൃഹത്തിന് നമ്പർ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും വാർഡ് ക്ലർക്ക് വസ്തുനികുതി ഡിമാന്റ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി കെട്ടിടനമ്പർ അനുവദിച്ചു. എന്നാൽ പിന്നീട് നടത്തിയ അന്വേഷണത്തിൽ കെട്ടിടത്തിന് ആകെ 254.66 ച.മീ. വിസ്തീർണ്ണമുണ്ടെന്ന് കണ്ടെത്തി |
| 5 | ശ്രീ.മുഹമ്മദ് ഫെബിൻ, കൊണ്ടേത്ത് ഹൗസ് | 89/1 | 10/141 B | നഞ്ച ഭൂമിയിൽ നിർമ്മിച്ച 86.40 ച മീ വിസ്തീർണ്ണമുള്ള വാസഗൃഹത്തിന് നമ്പർ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും വാർഡ് ക്ലർക്ക് വസ്തുനികുതി ഡിമാന്റ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി കെട്ടിടനമ്പർ അനുവദിച്ചു. എന്നാൽ പിന്നീട് നടത്തിയ അന്വേഷണത്തിൽ കെട്ടിടത്തിന് ആകെ 146.29 ച.മീ. വിസ്തീർണ്ണമുണ്ടെന്ന് കണ്ടെത്തി |

**(കുറിപ്പ്-2008ലെ കേരള നെൽവയൽ തണ്ണീർതട സംരക്ഷണ നിയമം 27 എ(6) പ്രകാരം 1200 Sq.Ft നിർമ്മാണത്തിനാണ് അനുമതിയുള്ളത്)**

മേൽ കെട്ടിടങ്ങളിന്മേൽ ഗ്രാമപഞ്ചായത്ത് നിലവിൽ സ്വീകരിച്ച തുടർനടപടി വിവരം, കെട്ടിടത്തിന് UA നമ്പർ നൽകി വസ്തുനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ എന്നിവ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (43/28.06.2024) ക്രമനമ്പർ 1 മുതൽ 4 വരെയുള്ള കെട്ടിടങ്ങളിലെ അധിക വിസ്തീർണ്ണത്തിന് UA നമ്പർ നൽകിയിട്ടുണ്ടെന്നും ക്രമ നമ്പർ 5 ലെ അനധികൃത നിർമ്മാണത്തിനെതിരെ നോട്ടീസ് നൽകിയിട്ടുണ്ടെന്നും അധികരിച്ച നിർമ്മാണത്തിന് UA നമ്പർ അനുവദിക്കുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

മേൽ കെട്ടിടങ്ങൾക്ക് UA നമ്പർ പ്രകാരം നികുതി ഈടാക്കിയതിന്റെയും ക്രമനമ്പർ 5 കെട്ടിടത്തിന്റെ തുടർനടപടി വിവരവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## <u>1-18 അനധികൃത കെട്ടിട നിർമ്മാണങ്ങൾ- മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾക്ക് തുടർനടപടി ആയിട്ടില്ല.</u>

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മുൻവർഷ റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന വിവിധ കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങളുടെ ഫയൽ പരിശോധിച്ചതിൽ നാളിതുവരെ തുടർനടപടി സ്വീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**<u>1. പ്രസിഡൻസി ഓഡിറ്റോറിയം (7/331 A)- 2021-22 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നമ്പർ 1-19</u>**

ഖണ്ഡിക പ്രകാരം 2018-19 വർഷത്തെ വസ്തു നികുതി ഇനത്തിൽ 232380 രൂപ കുറവ് ഉള്ളതായും അനധികൃത നിർമാണത്തിന് നിയമാനുസൃത നികുതി ഈടാക്കാതെ സാധാരണ കെട്ടിടമെന്ന നിലയിലാണ് 2020-2021 സാമ്പത്തിക വർഷത്തിൽ നികുതി ഈടാക്കിയിട്ടുണ്ടായിരുന്നത്. ആയതിന്റെ തുടർനടപടി വിവരം (കെട്ടിടം ക്രമവൽക്കരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ, നികുതി അടവാക്കിയതിന്റെ രേഖകൾ) ലഭ്യമാക്കുന്നതിനാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/24.06.24) താഴെ പറയും പ്രകാരം മറുപടി നൽകി.

പ്രസിഡൻസി ഓഡിറ്റോറിയവുമായി ബന്ധപ്പെട്ട് ബഹു. കേരളാ ഹൈക്കോടതിയിൽ WP(C) NO 5003/2016 നമ്പർ കേസിൻമേൽ 2022 ജൂലൈ 1 ലെ വിധിപ്പകർപ്പ് പ്രകാരം നിയമപരമായി നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ

ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ റഗുലറൈസേഷൻ അപേക്ഷ നൽകുന്നതിന് നോട്ടീസ് നൽകിയതായും 15.04.2024 തിയതിയിൽ റഗുലറൈസേഷൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണെന്നും അറിയിച്ചു. അന്തിമ നോട്ടീസ് നൽകി UA നമ്പർ അനുവദിച്ച് നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുവെന്നും അനധികൃത നിർമ്മാണം ആയതിനാൽ ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടില്ലായെന്നും അറിയിച്ചു.

പഞ്ചായത്തിൽ നിയമാനുസൃതമായ നികുതി അടവാക്കാതെയും ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് കൂടാതെയുമാണ് ഓഡിറ്റോറിയം നിലവിൽ പ്രവർത്തിച്ചു വരുന്നത്.

**2. കെട്ടിട നമ്പർ XII/550/C, D-ശ്രീ. ഖാലിദ് & സജിത, കളപ്പാടൻ വീട്, അമ്മിനിക്കാട്( ഖണ്ഡിക 1-13-2018-19 ഓഡിറ്റ് റിപ്പോർട്ട്)**

മേൽ വ്യക്തികളുടെ XII/550/A, B നമ്പർ വാണിജ്യകെട്ടിടത്തിലെ അധിക നിർമ്മാണം ക്രമവൽക്കരിച്ച് XII/550/C, D എന്നീ നമ്പർ അനുവദിച്ചത് ക്രമപ്രകാരമല്ലയെന്നും വസ്തു നികുതി, ലൈബ്രറി സെസ്സ് ഇനത്തിലെ കുടിശ്ശിക ഈടാക്കുന്നതിനും 2020-21 മുതൽ കെട്ടിടം നിയമാനുസൃതം റെഗുലറൈസ് ചെയ്യുന്നത് വരെ/ പൊളിച്ചുകളയുന്നത് വരെ വസ്തു നികുതി ഇനത്തിൽ 3 ഇരട്ടി തുക ഈടാക്കേണ്ടതുമാണെന്നും പരാമർശിച്ചിട്ടുള്ളതിന്റെ നിലവിലെ തുടർനടപടി വിവരം ലഭ്യമാക്കുന്നതിന് 24/24.06.24 നമ്പർ ഓഡിറ്റ് എൻക്വയറി കൊടുത്തതിന് ചുവടെ ചേർക്കുംപ്രകാരം മറുപടി ലഭ്യമാക്കി.

XII/550/C, D കെട്ടിടവുമായി ബന്ധപ്പെട്ട് ബഹു. കേരളാ ഹൈക്കോടതിയിൽ WP(C) NO 4079/2022 നമ്പർ കേസുള്ളതിനാൽ കേസ് തീർപ്പാകുന്ന മുറക്ക് തുടർനടപടി സ്വീകരിക്കുന്നതാണെന്നും കെട്ടിടത്തിന് നിലവിൽ ലൈസൻസ് എടുത്തിട്ടില്ലായെന്നും അറിയിച്ചു.

**3 എം.ഇ.എസ് മെഡിക്കൽ കോളേജ്- 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-18**

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എം.ഇ.എസ് മെഡിക്കൽ കോളേജ്, അനുബന്ധ സ്ഥാപനങ്ങൾ എന്നിവയിലെ അനധികൃത നിർമാണങ്ങൾക്ക് നിയമാനുസൃതമായ വസ്തു നികുതി ചുമത്തികൊണ്ടുള്ള ഡിമാന്റ് നോട്ടീസും നൽകിയ ശേഷവും, അനധികൃത നിർമാണത്തിന് ഈടാക്കേണ്ട 3 ഇരട്ടി തുക ഈടാക്കാതെ സാധാരണ കെട്ടിടമെന്ന നിലയിലാണ് 2020-2021 സാമ്പത്തിക വർഷത്തിൽ നികുതി ഈടാക്കിയിട്ടുള്ളതെന്നും ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 20-21 വർഷം 407666 /- രൂപ വസ്തുനികുതി ഇനത്തിൽ കുറവ് വന്നിട്ടുള്ളതായും മേൽ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഈ തുക ഈടാക്കിയതിന്റെയും സ്ഥാപനത്തിലെ അനധികൃത കെട്ടിടത്തിൻമേൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർനടപടി വിവരം പരിശോധനക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16 /24.06.24 )

ടി തുക ഒടുക്കിയിട്ടില്ലയെന്നും കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിന് 16.01.2024 ലെ 24/ 653 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയത് പ്രകാരം തുടർനടപടി സ്വീകരിച്ചു വരുന്നുണ്ടെന്നും മറുപടി ലഭ്യമാക്കി.

മേൽ കെട്ടിടങ്ങളിൽ തുടർനടപടി ആവാത്തത് കാരണം ഗ്രാമപഞ്ചായത്തിന് ഭീമമായ വരുമാന നഷ്ടമാണ് ഓരോ വർഷവും സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ അടിയന്തിരമായ നടപടികൾ സ്വീകരിക്കേണ്ടതും നികുതി കുടിശ്ശിക ഈടാക്കി നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 കെട്ടിടനിർമ്മാണ പെർമിറ്റ് (A1/-BA(125879)/2018/22.05.2018)തുടർ നടപടി വിവരം ലഭ്യമാക്കണം

ഗ്രാമ പഞ്ചായത്തിന്റ 3-ാം വാർഡ്(സർവ്വേ നം:S-132/11 R-103 )ൽ ശ്രീ ഗോപിനാഥൻ എന്നയാൾ ബിൽഡിങ് പെർമിറ്റ് (A1/-BA(125879)/2018/22.05.2018)പ്രകാരം കെട്ടിട നിർമ്മാണ അനുമതി ലഭ്യമാക്കി 29.10.2021 ന് പെർമിറ്റ് പുതുക്കി (ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ, സെക്കന്റ് ഫ്ലോർ ഉൾപ്പടെ 285.8 എം2 ന് 24.6.2024 വരെ (പെർമിറ്റ് നം : A1/BA/(125879/)19.9.2022 പുതുക്കിയിട്ടുണ്ട്). 19.9.2022 ന് കെട്ടിടത്തിന്റ ഉടമസ്ഥാവകാശം ശ്രീ മുഹമ്മദ് ഹാജി & കദീജ, മാച്ചഞ്ചേരി എന്നവർക്ക് കൈമാറിയിട്ടുണ്ട് (ഫയൽനം : 400889/PTRE24/GPO/2022/4808 ).

നിലവിൽ 2.9.2022 ന് വലമ്പൂർ വില്ലേജ് ആഫീസ് അനുവദിച്ച കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരം (നം :67810751 /02.9.2022 -റീ സർവ്വേ നം 132/11-5/0.0207 ഹെക്ടർ -നഞ്ച ) ശ്രീ.മുഹമ്മദ് ഹാജി & കദീജ, മാച്ചഞ്ചേരി എന്നവരുടെ പേരിലുള്ള സ്ഥലത്തുള്ള കെട്ടിടത്തിന് ഗ്രൗണ്ട് ഫ്ലോർ പൂർത്തീകരിച്ച് 147/C,147/D,147/E,147/F എന്നീ നമ്പറിൽ 2024-25 വരെ ടാക്സ് അടവാക്കിയിട്ടുണ്ട് (രശീതി നം:1240201187/G100708/,188/189/190/30.5.2024-4727/-രൂപ വീതം ).

എന്നാൽ നിലവിൽ പ്രസ്തുത കെട്ടിടത്തിന് ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ, സെക്കന്റ് ഫ്ലോർ എന്നിവ നിലവിലുള്ളതായി പരിശോധനയിൽ കാണുന്നു. ആയതിന് പൂർത്തീകരണ രേഖ ലഭ്യമാക്കി നമ്പർ അനുവദിച്ച് ടാക്സ് ഈടാക്കിയതിന്റ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/28.06.24)ന് ഫസ്റ്റ് ഫ്ലോർ, സെക്കന്റ് ഫ്ലോർ പൂർത്തീകരിച്ച് 29.05.24 ലെ 5227/24 പ്രകാരം കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചിട്ടുണ്ടെന്നും തുടർനടപടി സ്വീകരിച്ചു വരുന്നുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-20 ഹോമിയോ ഡിസ്പെൻസറി -കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് | കമ്പ്യൂട്ടർ മറ്റ് ഉപകരണങ്ങൾ വാങ്ങൽ (73/2023-24) |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| അടങ്കൽ | 1,00,000 രൂപ (തനത് ഫണ്ട്) |
| ചെലവ് | 74161 രൂപ |
| വൗച്ചർ നമ്പർ | 883/23-24/ 20.03.24 |

മേൽ പ്രൊജക്റ്റ് പ്രകാരം ഹോമിയോ ആശുപത്രിയിലേക്ക് കമ്പ്യൂട്ടർ , പ്രിന്റർ എന്നിവ വാങ്ങുന്നതിനായി കെൽട്രോണിന് 74161/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. കമ്പ്യൂട്ടർ , പ്രിന്റർ എന്നിവ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക (74161 രൂപ) തടസ്സം ചെയ്യുന്നു.
(ഓഡിറ്റ് എൻക്വയറി-18/24.06.24 മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-21 എസ്എസ് കെ വിഹിതം അടവാക്കൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു.

എസ് എസ് കെ വിഹിതം നൽകൽ എസ് സി, ജനറൽ വിഭാഗങ്ങളിൽ താഴെ പറയും പ്രകാരം തുക അടവാക്കിയിട്ടുണ്ട്.

ക്രമനമ്പർ 1

എസ്എസ് കെ വിഹിതം എസ് സി വിഭാഗം

| | |
|---|---|
| വർഷം | 2023-24 |
| പ്രൊജെക്ട് നമ്പർ/ പേര് | 101/23-24<br>എസ്എസ് കെ വിഹിതം നൽകൽ എസ് സി |
| ആകെ അടങ്കൽ | 100000രൂപ വികസന ഫണ്ട് എസ് സി പി |
| ചെലവ് | 100000 രൂപ<br>ബിൽ നമ്പർ 158/7.11.23 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ<br>അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്ത് |

ക്രമനമ്പർ 2

എസ് എസ് കെ വിഹിതം നൽകൽ ജനറൽ വിഭാഗം

| | |
|---|---|
| വർഷം | 2023-24 |
| പ്രൊജെക്ട് നമ്പർ/പേര് | 100/23-24<br>എസ്എസ് കെ വിഹിതം നൽകൽ ജനറൽ |
| ആകെ അടങ്കൽ | 1100000രൂപ വികസന ഫണ്ട്. |
| ചെലവ് | 1100000 രൂപ<br>ബിൽ നമ്പർ 157/7.11.23 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ<br>അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്ത് |

ഹെഡ്മിസ്ട്രസ് നിർവ്വഹിച്ച എസ് എസ് കെ വിഹിതം നൽകൽ എസ് സി, ജനറൽ എന്നിവ പ്രകാരം മേൽ പരാമർശിച്ച പ്രകാരമുള്ള തുകകൾ എസ് എസ് എ ജില്ലാ പ്രൊജക്ട് ഓഫീസർ മലപ്പുറത്തിന് നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് സ.ഉ (കൈ)84 /2022/തസ്വഭവ തിയ്യതി 19.04.2022, പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ – ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/ പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ കേരള സർവ്വ ശിക്ഷ പ്രോജക്ട് ഓഫീസർ അതതു തദ്ദേശ സ്ഥാപനങ്ങളെ അറിയിക്കണം എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ഇത്തരത്തിലുള്ള വിശദമായ വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്കായി ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 7/24.6.24 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നതായി മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ ക്രമനമ്പർ ഒന്ന് പ്രകാരം 1,00,000 രൂപയും ക്രമനമ്പർ രണ്ട് പ്രകാരം 11,00,000 രൂപയും ഉൾപ്പടെ 12,00,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-22 എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ -രേഖകൾ ഹാജരാക്കിയില്ല.

എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകുന്നതിനുവേണ്ടി തയ്യാറാക്കിയ പ്രൊജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷം | 2023-24 |
| പ്രൊജെക്ട് നമ്പർ/ പേര് | 99/23-24<br>എസ് സി വിദ്യാർത്ഥികൾക്ക് |

| | |
|---|---|
| | പഠനോപകരണങ്ങൾ നൽകൽ |
| ആകെ അടങ്കൽ | 808335രൂപ വികസന ഫണ്ട്എസ് സി പി |
| ചെലവ് | 378450 രൂപ<br>ബിൽ നമ്പർ 291/20.1.24 248980 രൂപ<br>ബിൽ നമ്പർ 374/4.3.24 129470രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ<br>അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്ത് |

മേൽ പ്രൊജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് ആർട്ട്കോ ലിമിറ്റഡ് മലപ്പുറത്തു നിന്നും താഴെ പറയുന്ന പഠനോപകരണങ്ങൾ ടെണ്ടർ നടപടി കൂടാതെ വാങ്ങിയിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ /തിയതി | പഠനോപകരണം | എണ്ണം | വില | ആകെ വില | |
|---|---|---|---|---|---|
| MPM203/23.12.2023 | PARTICLE BOARD STUDY TABLE 120*80*33 CM | 50 | 3530 | 176500 | GST @9% |
| | | | | 15885 | |
| | | | | 15885 | |
| | STUDY CHAIR | 50 | 690 | 34500 | GST @9% |
| | | | | 3105 | |
| | | | | 3105 | |
| | | | | 248980 | |
| | PARTICLE BOARD STUDY TABLE 120*80*33 CM | 26 | 3530 | 91780 | GST @9% |
| | | | | 8260.20 | |
| | | | | 8260.20 | |
| MPM393/24.2.24 | STUDY CHAIR | 26 | 690 | 17940 | |
| | | | | 1614.60 | GST @9% |
| | | | | 1614.60 | |
| | | | | 129470 | |
| | ആകെ | | | 378450 | |

1 കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖ 9.23 പ്രകാരം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അവർ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങണമെങ്കിൽ ടെണ്ടർ നടപടികൾ പാലിക്കേണ്ടതുണ്ട്. മേൽ വ്യവസ്ഥക്ക് ഇളവ് നൽകിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് മാത്രമേ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാനാവൂ.

2023-24 സാമ്പത്തിക വർഷ കാലയളവിൽ ARTCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങൾ, വില എന്നിവ വ്യക്തമാക്കി GO(RT) 20/2023/SPD Dt 24.2.2023 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ പരാമർശിക്കപ്പെട്ട ഉത്തരവിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ / ക്വട്ടേഷൻ നടപടികൾ പാലിക്കണം എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.2023-24 വർഷത്തിൽ ഹെഡ്മിസ്ട്രസ് വാങ്ങിയ സാധനങ്ങൾ ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങുന്നതിന് അനുമതിയുള്ളവയല്ല എന്ന് കാണുന്നു. ടെണ്ടർ നടപടികൾ കൂടാതെ മേൽ സാധനങ്ങൾ വാങ്ങാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

2 താഴെ പറയുന്ന വിദ്യാർത്ഥികളുടെ സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകിയ ലിസ്റ്റ് പരിശോധനക്ക് ഹാജരാക്കിയില്ല.

| ക്രമനമ്പർ | വിദ്യാർത്ഥിയുടെ പേര്<br>മേൽ വിലാസം | വാർഡ് |
|---|---|---|
| 1 | ചന്ദ്രമൗലി ഒ<br>ഓർക്കോട്ടു പറമ്പിൽ<br>അങ്ങാടിപ്പുറം | 14 |
| 2 | അനശ്വർ കൃഷ്ണ<br>ഓർക്കോട്ടിൽ<br>അങ്ങാടിപ്പുറം | 14 |
| 3 | അഭയ ഒ<br>ഓർക്കോട്ടിൽ<br>അങ്ങാടിപ്പുറം | 14 |
| 4 | നീന എം<br>മൂന്നാക്കൽ | 6 |

| | | |
|---|---|---|
| | അങ്ങാടിപ്പുറം | |
| 5 | നിതിൻ കെ കെ<br>കാക്കക്കുന്നുമ്മിൽ<br>തിരൂർക്കാട് | 3 |
| 6 | കെവിൻ സി പി<br>ചുണ്ടേപ്പറമ്പിൽ<br>പുത്തനങ്ങാടി | 19 |
| 7 | രോഹിത് സി പി<br>ചുണ്ടേപ്പറമ്പിൽ<br>പുത്തനങ്ങാടി | 19 |
| 8 | ദേവനന്ദ് സി പി<br>ചുണ്ടേപ്പറമ്പിൽ<br>പുത്തനങ്ങാടി | 19 |
| 9 | അജയ്ബാബു സി പി<br>ചുണ്ടേപ്പറമ്പിൽ<br>പുത്തനങ്ങാടി | 19 |
| 10 | ശ്രീരാജ് വി<br>തെക്കേത്ത്റ പാണക്കാവ്<br>അരിപ്ര | 23 |

3 പദ്ധതി നിർവഹണത്തിന്റെ ഭാഗമായുള്ള മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയില്ല

ഇതു സംബന്ധിച്ച് നമ്പർ 25/26.6.24 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.മേൽ സാഹചര്യത്തിൽ ചെലവ് തുക 3,78,450 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-23 വർക്കിംഗ് ഗ്രൂപ്പ് അപാകതകൾ

സ.ഉ (കൈ) 84/22 തസ്വഭവ തി. 19.4.22പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. 2022-23 വർഷത്തിൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 3.7.23, 27.12.23 തിയതികളിലായി രണ്ട് യോഗങ്ങളാണ് ചേർന്നിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിന്റെ വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സിന്റെ ആദ്യ പേജിൽ ഗ്രൂപ്പിലുള്ള അംഗങ്ങളുടെ പേര് രേഖപ്പെടുത്തിയിട്ടില്ല.

2) വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നുവെങ്കിലും തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ഉദാ. വർക്കിംഗ് ഗ്രൂപ്പ് കണക്കുകൾ, രേഖകൾ തയ്യാറാക്കൽ - തിയതി 27.12.23

3) വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സുകൾ ക്ലോസ് ചെയ്തിട്ടില്ല.

ഉദാ. വർക്കിംഗ് ഗ്രൂപ്പ് ആരോഗ്യം- തിയതി 3.7.23

ദാരിദ്ര്യ ലഘൂകരണം, പാർപ്പിടം - തി. 3.7.23

4) വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ നാമമാത്രമായ അംഗങ്ങളാണ് പങ്കെടുക്കുന്നത്

ഉദാ. കുടിവെള്ളം, ശുചിത്വം 3.7.23 ന് നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ മൂന്ന് അംഗങ്ങൾ മാത്രമാണ് പങ്കെടുത്തത്.

5) വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജെക്ടുകൾ മോണിറ്റർ ചെയ്യേണ്ടതുണ്ട്. എന്നാൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ നിർവഹണ ഉദ്യോഗസ്ഥർ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നമ്പർ 42/28.6.24 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. വർക്കിംഗ് ഗ്രൂപ്പുകൾ സംബന്ധിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-24 അതിഥി തൊഴിലാളി ക്ഷേമം -ഗ്രാമ പഞ്ചായത്ത് ശ്രദ്ധ പുലർത്തേണ്ടതാണ്.

പതിനാലാം പഞ്ചവൽസര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(കൈ) നമ്പർ 84/2022 തസ്വഭവ തി.19.4.2022 ഖ 8.9 പ്രകാരം മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തൊഴിൽ തേടി കേരളത്തിൽ എത്തി വിവിധ തൊഴിലുകൾ ചെയ്യുന്ന അതിഥി തൊഴിലാളികളുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിനായി തൊഴിൽ വകുപ്പ്, പോലീസ്, റവന്യൂ അധികാരികളുമായി ചേർന്ന് ആവശ്യമായ പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പെരിന്തൽമണ്ണ നഗരസഭയോട് ചേർന്നു കിടക്കുന്ന അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്തിൽ നിരവധി തൊഴിലാളികളാണ് തൊഴിൽ തേടി മറ്റു സംസ്ഥാനങ്ങളിൽ നിന്നും എത്തിച്ചേരുന്നത്. അവരുടെ വ്യക്തമായ വിവരങ്ങൾ ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല. 27.12.23 ലെ ആരോഗ്യം വർക്കിംഗ് ഗ്രൂപ്പിൽ അതിഥി തൊഴിലാളികളുടെ സ്ക്രീനിംഗ് നടത്തി

രോഗങ്ങൾ കണ്ടെത്തുവാൻ നിർദേശം ഉണ്ടായിരുന്നു. എന്നാൽ ആയത് നടപ്പിലാക്കിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച മറ്റ് പ്രൊജക്ടുകൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്തിൽ അതിഥി തൊഴിലാളികളുടെ ഡാറ്റാ തയ്യാറാക്കുകയും തുടർ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 41/28.6.24 ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.

ഗ്രാമ പഞ്ചായത്തിലെ അതിഥി തൊഴിലാളികളുടെ എണ്ണം തിട്ടപ്പെടുത്തി അവരുടെ ഡാറ്റ തയ്യാറാക്കുക, അതിഥി തൊഴിലാളികളുടെ താമസ സ്ഥലങ്ങളിൽ ശുചിത്വം ഉറപ്പാക്കുക, അതിഥി തൊഴിലാളികളുടെ ചികിത്സക്കായി പ്രത്യേക സൗകര്യം ഏർപ്പെടുത്തുക, ഹെൽത്ത് കാർഡ് അനുവദിക്കുക, അതിഥി തൊഴിലാളികൾക്കും അവരുടെ കുട്ടികൾക്കും വിദ്യഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തുക തുടങ്ങിയവ നടപ്പിലാക്കുന്നതിനായ പ്രൊജക്ടുകൾ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കേണ്ടതാണ്.

## 1-25 ലൈഫ് ഭവന പദ്ധതി - അപാകതകൾ പരിഹരിക്കേണ്ടതാണ്.

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 24/2023-24 | ലൈഫ് മിഷൻ പദ്ധതി എസ് സി | 36370000 | 8550000 |
| 6/2023-24 | ലൈഫ് മിഷൻ പദ്ധതി ജനറൽ | 34103500 | 4443500 |
| 277/2023-24 | ലൈഫ് മിഷൻ പദ്ധതി ജനറൽ<br>സ്പിൽ ഓവർ | 39603266 | 1880000 |
| 275/2023-24 | ലൈഫ് മിഷൻ പദ്ധതി എസ് സി<br>സ്പിൽ ഓവർ | 38050000 | 360000 |

ലൈഫ് ഭവന പദ്ധതി സംബന്ധിച്ച് മേൽ ഖണ്ഡികയിൽ പരാമർശിച്ച പ്രൊജക്ടുകൾ 2023-24 വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ആദ്യഗഡു കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല.

താഴെ പറയുന്ന ഗുണഭോക്താക്കൾ ലൈഫ് ഭവന പദ്ധതിക്കായി ആദ്യ ഗഡു കൈപ്പറ്റിയെങ്കിലും നാളിതുവരെ തുടർ ഗഡുക്കൾ കൈപ്പറ്റുകയും ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടില്ല.

| ഗുണഭോക്താവിന്റെ പേര്<br>മേൽവിലാസം | ആദ്യഗഡു അനുവദിച്ച വർഷം | ബിൽ നമ്പർ / തിയതി | ആദ്യഗഡു |
|---|---|---|---|
| സുബൈദ<br>ഒറ്റകത്ത് വീട്<br>ചെരക്കാപറമ്പ് പി ഒ<br>വാർഡ് 21 | 2020-21 | 87/2020-21<br>11.2.21 | 40000 |
| സജിന ടി<br>തട്ടാരക്കാട്ടിൽ<br>അങ്ങാടിപ്പുറം<br>വാർഡ് 15 | 2020-21 | 88/2020-21<br>11.2.21 | 40000 |
| ഓമന<br>അമ്പലപ്പറമ്പിൽ ഹൗസ്<br>അങ്ങാടിപ്പുറം<br>വാർഡ് 13 | 2020-21 | 511/10.1.21 | 40000 |

മേൽ ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നതായി ഓഡിറ്റ് എൻക്വയറിക്കു നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

2) ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്.

ലൈഫ് ഭവന പദ്ധതി റിവ്യൂ റിപ്പോർട്ട് പ്രകാരം വിവിധ ഘട്ടങ്ങളിലായി ആകെ കരാർ വെച്ച 311 വീടുകളിൽ 192 എണ്ണം മാത്രമാണ് പൂർത്തീകരിച്ചതായി കാണുന്നത്. ഗുണഭോക്താക്കൾ വിവിധ ഘട്ടങ്ങളിലായി ഭവനനിർമ്മാണത്തിന് തുക കൈപ്പറ്റിയിട്ടുണ്ട്.

ലൈഫ് ഭവന പദ്ധതി പ്രകാരം പണി പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന വീടുകളുടെ പണി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.

3) രജിസ്റ്ററുകൾ സംബന്ധിച്ച അപാകതകൾ

1. ലൈഫ് ഭവനപദ്ധതി രജിസ്റ്റർ പരിശോധിച്ചതിൽ 2023-24 വർഷത്തിൽ ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിന്റെ പല പേജുകളിലും കടലാസ് പെൻസിൽ ഉപയോഗിച്ചാണ് രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളത്. വലിയ തുകകൾ ചെലവഴിക്കുന്ന ലൈഫ് പദ്ധതി പോലെയുള്ള പ്രൊജക്ടുകൾക്കായുള്ള രജിസ്റ്ററുകൾ ലാഘവത്തോടെ കൈകാര്യം ചെയ്യുന്നത് ശരിയല്ല.

2. ലൈഫ് ഭവന പദ്ധതി രജിസ്റ്ററുകൾ വിഇ ഒ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

3 ലൈഫ് ഭവന പദ്ധതി സംബന്ധിച്ച അപ്ഡേറ്റ് ചെയ്ത വിശദാംശങ്ങളുടെ സംഗ്രഹം ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.
ഇതു സംബന്ധിച്ച് നൽകിയ നമ്പർ 28/27.6.24 പ്രകാരം ഓഡിറ്റ് എൻക്വയറിക്ക് അപാകതകൾ പരിഹരിക്കുനെന്ന് മറുപടി ലഭ്യമാക്കി നൽകിയിരുന്നു. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-26 വന്യമൃഗശല്യം പരിഹരിക്കുവാൻ സോളാർവേലി സ്ഥാപിക്കൽ-പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

വന്യമൃഗശല്യം പരിഹരിക്കുവാൻ സോളാർ വേലി സ്ഥാപിക്കൽ എന്ന പ്രൊജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷം | 2023-24 |
| പ്രൊജെക്ട് നമ്പർ/ പേര് | 13/23-24<br>വന്യമൃഗശല്ല്യം പരിഹരിക്കുന്നതിന് സോളാർ വേലി |
| ആകെ അടങ്കൽ | 3,00,000 രൂപ തനത് ഫണ്ട് |
| ചെലവ് | 1,24,195രൂപ<br>ബിൽ നമ്പർ 419/13.3.2024<br>ചെക്ക് നമ്പർ 2018860/23-3-2024 |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ<br>അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്ത് |

ഗുണഭോക്താക്കൾക്ക് ജില്ലാതല യൂണിറ്റ് കോസ്റ്റിന്റെ 50% സബ്സിഡിയോടെ (മീറ്ററിന് 105 രൂപ) സോളാർവേലി സ്ഥാപിക്കന്നതിന് ധനസഹായം നൽകുന്നതാണ് പദ്ധതി. സൗരവേലിക്ക് GI/GP പൈപ്പുകൾ ഉപയോഗിക്കണമെന്നും ചുരുങ്ങിയത് രണ്ട് വരിയെങ്കിലും കേബിൾ ഉണ്ടാരിക്കണമെന്നും സോളാർ പാനൽ, സ്റ്റാന്റ് ബാറ്ററി, എനർജൈസർ, ചാർജർ മുതലായവ ഉണ്ടായിരിക്കണമെന്നും പ്രൊജക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രൊജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | കരാർ തിയതി | റിമാർക്സ് |
|---|---|---|---|---|
| 1 | അബ്ദുൾ അസീസ് പുലാക്കൽ പിച്ചാണിപ്പറമ്പ് | 43965 | 7.3.24 | 602 മീറ്റർ സോളാർവേലി സ്ഥാപിച്ചുവെന്ന് കരാറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| 2 | മുഹമ്മദലി വളർത്തൊടി ഹൗസ് ശാന്തപുരം | 22795 | 3.1.24 | 265 മീറ്റർ ചുറ്റളവിൽ സോളാർവേലി സ്ഥാപിച്ചിട്ടുണ്ടെന്ന് കരാറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| 3 | മൂസ്സ തൂമ്പലക്കാടൻ ചെരക്കാപ്പറമ്പ് | 57435 | 22.12.23 | 547 മീറ്റർ ചുറ്റളവിൽ സോളാർവേലി സ്ഥാപിച്ചുവെന്ന് കരാറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| | ആകെ | 124195 | | |

മേൽ പ്രൊജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ അപാകതകൾ പരാമർശിച്ച് 29/27.6.24 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല. എന്നാൽ ഗുണഭോക്താക്കൾ

പ്രൊജക്ട് നിർവഹണം നടത്തിയതിന്റെ ഫോട്ടോകൾ ഹാജരാക്കി.

പ്രൊജക്ട് പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ച് ഗുണഭോക്താക്കൾ എത്ര മീറ്റർ സോളാർ വേലി സ്ഥാപിച്ചുവെന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തുകയോ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കുകയോ ചെയ്തില്ല. മാർഗ്ഗരേഖ കൃത്യമായി പാലിച്ച് പ്രൊജക്ട് നിർവ്വഹണം നടത്താനും രേഖകൾ എല്ലാം പരിശോധനക്ക് ഹാജരാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. മേൽ രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 1,24,195/- രൂപ തടസ്സം ചെയ്യുന്നു.

## 1-27 തുല്യത സാക്ഷരത വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു.

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ തുല്യത സാക്ഷരത പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷം | 2023-24 |
| പ്രൊജെക്ട് നമ്പർ/പേര് | 94/23-24<br>തുല്യത സാക്ഷരത |
| ആകെ അടങ്കൽ | 75000രൂപ ധനകാര്യ കമ്മീഷൻ അവാർഡ്<br>100000 രൂപ തനത് ഫണ്ട് |
| ചെലവ് | 66700 രൂപ ധനകാര്യ കമ്മീഷൻ അവാർഡ്<br>ബിൽ നമ്പർ 373/1.3.2024 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ<br>അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്ത് |

പത്താംതരം, ഹയർ സെക്കൻഡറി തുല്ല്യതാ പഠനത്തിനു വേണ്ടി രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ് എന്നീ ഇനങ്ങളിൽ തുക അടവാക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പ്ലസ് ടു വിഭാഗം തുല്യതാ കോഴ്സിനായി 29 കുട്ടികളുടെ കോഴ്സ് ഫീസ് 66,700 രൂപ (29*2300) കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ അടവാക്കിയിട്ടുണ്ട്. മേൽ തുക കൈപ്പറ്റിയ രശീതിയും തുക ചെലവഴിച്ചതിന്റെ ധനവിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കിയില്ല. മേൽ വിഷയം സംബന്ധിച്ച് നമ്പർ 8/24.6.24 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്കു നൽകിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 66,700 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-28 മരാമത്ത് പ്രവർത്തി -പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കൽ -ഫൈൻ ഈടാക്കിയിട്ടില്ല

**നിർവ്വഹണോദ്യോഗസ്ഥൻ : അസി.എൻജിനിയർ**

കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 പ്രകാരം നിശ്ചിത സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. ആയതിന്മേൽ ഭരണസമിതി തീരുമാനത്തിന്റ അടിസ്ഥാനത്തിൽ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ് എന്നാൽ അത്തരത്തിലുള്ള അപേക്ഷയിൽ സ്വീകരിച്ച തുടർ നടപടി ക്രമപ്രകാരമല്ല.

അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തികളുടെ കരാറുകാരുമായി ചമച്ച കരാറുകളിലെ വ്യവസ്ഥ അനുസരിച്ച്, കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ ആദ്യത്തെ 3 മാസത്തിന് 1% നിരക്കിലും പിന്നീടുള്ള ഓരോ 3 മാസത്തിനും 2% നിരക്കിലും പിഴ ഈടാക്കണം. എന്നാൽ ഇത്തരത്തിൽ പിഴ ഈടാക്കാതെയാണ് താഴെ പറയുന്ന പ്രവൃത്തിയിൽ കരാറുകാരന് പേമെന്റ് അനുവദിച്ചിട്ടുള്ളത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് | പിഴ |
|---|---|---|---|---|---|
| 1 | കമ്മ്യൂണിറ്റി ടോയ് ലറ്റ്<br>(53/20-21,294/24)<br>അടങ്കൽ 1550000<br>സി.എഫ്.സി,കേന്ദ്രാവിഷ്കൃതം | 25.2.2021 | 5 മാസം<br>25.2.2021 മുതൽ 24.7.2021 വരെയും<br>സ.ഉ പ്രകാരം | 22.2.2023<br>(എം ബുക്ക്)<br>പേജ് 22) | 97871/-<br>25.1.2022 മുതൽ 24.4.2022 വരെ<br>1280382/1%=12803/-<br>24.04.2022 മുതൽ |

| | | | | |
|---|---|---|---|---|
| ചെലവ് - 1392817 -<br>(വൗച്ചർ നം<br>തുക -395925/- (Final)<br>PAC- 1280382<br>മൂല്യ നിർണ്ണയം - 1392817/-<br>അളവ് പുസ്തകം 11/22-23<br>കരാറുകാരൻ : ഷൗക്കത്ത്<br>കരാർ -89/202-21/AE/ AGPM/25.2.2021 | | 25/7/21 മുതൽ 6 മാസം 24-1-22 വരെയും | | 22.02.2023 വരെ 2% PAC= 85068/-<br>ആകെ- 12803+85068 = 97,871/- |

പിഴ ഇതു സംബന്ധിച്ച് എൻക്വയറിക്ക് (നം : 15/24.6.2024) സമർപ്പിച്ച മറുപടിയിൽ "എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിനാലും, പിഴ ഈടാക്കാതെ ദീർഘിപ്പിച്ചു നൽകാൻ പഞ്ചായത്ത് തീരുമാനം എടുത്തു എന്നുള്ളതും പിഴ ഈടാക്കാതിരിക്കാനുള്ള കാരണങ്ങളിൽ ഉൾപ്പെടില്ല". ആയതിനാൽ പിഴ തുക 97,871 രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. (9/21) സർക്കാർ ഉത്തരവ് (സ.ഉ.1710/2021/തസ്വഭവ./8-9-2021) പ്രകാരം 6 മാസം ദീർഘിപ്പിച്ചത് കുറച്ച് 1/2022 മുതൽക്ക് ഫൈൻ ഈടാക്കേണ്ടതാണ് )

## 1-29 അസി.എൻജിനിയരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ : അസി.എൻജിനിയർ

ജി.എസ്.ടി, ടെണ്ടർ ഫോറം വില എന്നിവ അടവാക്കുന്നതിന് അസി.എൻജിനിയറുടെ പേരിലുള്ള അക്കൗണ്ട് (നം 67195472949 SBI അങ്ങാടിപ്പുറം) ൽ 10.3.2024 ന് നീക്കിയിരിപ്പായി 321792.74/ രൂപ ഉണ്ട് . ആയതിൽ തിരികെ നൽകാൻ ഉള്ള തുക കുറച്ച് ബാക്കി തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. ഈ നീക്കിയിരിപ്പ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച് എൻക്വയറിക്ക് (നം:4/24.6.2024) തുടർ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട് .

## 1-30-1 പഞ്ചായത്ത് സ്റ്റോഡിയം-പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല

**നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി**

പഞ്ചായത്തിൽ 2018-19 ൽ പ്രൊജക്ട് നം 455/18 പ്രകാരം 35 ലക്ഷം രൂപ വകയിരുത്തി 34,87,000/-രൂപ ചെലവിൽ 40.47 ഹെക്ടർ സ്ഥലം സ്റ്റേഡിയം നിർമ്മാണത്തിനായി സ്ഥലം വാങ്ങി യതിൽ 2023-24 ൽ പ്രൊജക്ട് നം 331/23 പ്രകാരം 8,00,000/- (തനത് ഫണ്ട്) രൂപ വകയിരുത്തി 766344/-രൂപ, ചെലവഴിച്ച് ഗ്രൗണ്ട് നിരപ്പാക്കിയിട്ടുണ്ട്. എന്നാൽ സ്ഥലം പരിശോധിച്ചതിൽ നാളിതുവരെയായി സ്റ്റേഡിയം പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ പ്രവർത്തന സജ്ജമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച എൻക്വയറിക്ക്(27/26.6.2024) തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് . പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.




നിലവിലെ സ്റ്റേഡിയം

## 1-30 പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ : അസി.എൻജിനിയർ

| | | | |
|---|---|---|---|
| പ്രാജക്ട് നം/പേര് | 331/24: പഞ്ചായത്ത് ഗ്രൗണ്ട് നിർമ്മണം | അടങ്കൽ/ ഫണ്ടിനം | 800000/-(തനത് ഫണ്ട് ) |
| ചെലവ് | 793234/- | വൗച്ചർ നം/ തീ | 38/23-24/30.11.23 |

| | | | |
|---|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എൻജിനിയർ | എഗ്രിമെന്റ് നം | 98/22-23/AE/ AGPM/31.3.2023 |
| കോൺട്രാക്ടർ | മുഹമ്മദ് ഷമീം .ടി | നിരക്ക് | എസ്റ്റിമേറ്റ് |

<u>അപാകതകൾ</u>

1.പ്രവർത്തിയിൽ EXTRA ITEM 1 ആയി 298.30 എം3 മൺപ്പണി ( Item Code 2.6.1 @215.37/M3 ) നടത്തിയതിന്ന് 64244.87 രൂപ അനുവദിച്ചിട്ടുണ്ട് . മണ്ണിന്റെ ഡിസ്പോസൽ വിവരം ലഭ്യമാക്കേണ്ടതാണ്.

2.പ്രവൃത്തിയിൽ Extra Item 2 ആയി പാറ പൊട്ടിച്ച് സ്റ്റോക്ക് ചെയ്തതിന്റെ ഡിസ്പോസൽ വിവരം ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് എൻക്വയറിക്ക് (നം 27/26.6.24) സമർപ്പിച്ച മറുപടിയിൽ ഐറ്റം നം-1 പ്രകാരമുള്ള മണ്ണ് ഗ്രൗണ്ട് സൈഡ് ഫില്ലിങ്ങിന് ഉപയോഗിച്ചെന്നും, ഐറ്റം നം -2 പ്രകാരമുള്ള പാറപൊട്ടിച്ചത് ലേലം ചെയ്ത് വിവരം ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട് . തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## <u>1-31 തൊഴിലുറപ്പ് പദ്ധതി -മെറ്റീരിയൽ പർച്ചേസ്- അപാകതകൾ</u>

2023-24 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ യഥാർത്ഥ മാർക്കറ്റ് വിലയെക്കാൾ വളരെ കൂടിയ നിരക്ക് അനുവദിക്കുകയും ആയത് പ്രകാരം കൂടിയ തുക നൽകിയാണ് സിമന്റ് വാങ്ങിയിട്ടുള്ളത്. ടെണ്ടർ നടത്തി വിവിധ വെണ്ടർമാരിൽ നിന്നും ഒരു ചാക്ക് സിമന്റിന് 614/-രൂപ വരെ നൽകിയാണ് സിമന്റ് വാങ്ങിയിട്ടുള്ളത്. പ്രസ്തുത കാലയളവിൽ 350/- മുതൽ 410/- രൂപവരെയാണ് ഒരുചാക്ക് സിമന്റിന് വിവിധ ബ്രാന്റ്കളുടെ മാർക്കറ്റ് വില (സൈറ്റ് ഡെലിവറി ഉൾപ്പെടെ). തൊഴിലുറപ്പ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് "SECURE" എന്ന സോഫ്റ്റ്വെയറിൽ ആണ്. പ്രസ്തുത സോഫ്റ്റ്വെയർ പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ സിമന്റ് വാങ്ങുന്നതിനുള്ള നിരക്ക് (50kg Bag ന് Rs. 614/- വരെ) വളരെ കൂടുതലാണ് എന്നും തൊഴിലുറപ്പ് പദ്ധതിയിലേക്ക് സിമന്റ് വാങ്ങുന്നതിനു് യഥാർത്ഥ മാർക്കറ്റ് നിരക്ക് മാത്രമേ നൽകാവു എന്നും തൊഴിലുറപ്പ് പദ്ധതി ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022-ലെ OMB/ALP/AW/20/2022-ലെ ഉത്തരവ്, MGNRGA മിഷൻ ഡയറക്ടറുടെ 17.08.2022-ലെ നടപടിക്രമം എന്നിവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ നിർദേശപ്രകാരം തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ സിമന്റ് വാങ്ങുന്നതിനു് യഥാർത്ഥ മാർക്കറ്റ് നിരക്ക് പ്രകാരം ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കിയാണ് ടെണ്ടർ ക്ഷണിക്കേണ്ടത്.

എന്നാൽ മിഷൻ ഡയറക്ടറുടെ മേൽ ഉത്തരവ് പാലിക്കാതെ SECURE സോഫ്റ്റ്വെയറിൽ ഉള്ള നിരക്ക് പ്രകാരം ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കിയാണ് കോൺക്രീറ്റ് പ്രവൃത്തികളിലേക്ക് ആവശ്യമായ സിമന്റ് വാങ്ങിയിട്ടുള്ളത്. ആയത് മൂലമുണ്ടായിട്ടുള്ള അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രവൃത്തിയുടെ വിവരം | ടെണ്ടർ തിയ്യതി | വാങ്ങിയ സിമന്റിന്റെ അളവ് (Tonne/ Bag) | സിമന്റ് വാങ്ങിയതിന് നൽകിയ തുക | |
|---|---|---|---|---|---|
| | | | | ഒരു Tonne / ഒരു ചാക്കിന്റെ വില | ആകെ |
| 1 | വൈദ്യർപ്പടി റോഡ് കോൺക്രീറ്റ് (W-9)<br>ആകെ ചെലവ്- 160103/-,<br>Vr No:RC/377163/14.4.23<br>M Book No. 65/2023-24<br>വെണ്ടർ- മുഹമ്മദ്.പി, കോൺട്രാക്ടർ | Window No. AS/948/202/8.3.2023 | 6.800 Tonne (136 ചാക്ക്) | Rs. 12288/T (Or)<br>Rs. 614.40/ ചാക്ക് | Rs. 83558.40/- |
| 2 | പുത്തനങ്ങാടി നരിക്കുളം റോഡ് കോൺക്രീറ്റ്<br>ആകെ ചെലവ്- 197779/-,<br>എഗ്രിമെന്റ് 3/26/3/23<br>Vr No:RC | Window No. AS/948/202/8.3.2023 | 8.544 Tonne 170 ചാക്ക് | Rs. 12288/T (Or)<br>Rs. 614.40/ ചാക്ക് | Rs.104448/- |

| | | | | | |
|---|---|---|---|---|---|
| 377172/15.4.23<br>M Book No. 56/2023-24<br>വെണ്ടർ-വിനോജ് .വി.ജെ<br>എഗ്രിമെന്റ് 3/25/3/22 | | | | | |

മേൽ 2 പ്രവൃത്തിയുടെ ഫയലിൽ കരാറുകാരൻ സിമന്റ് വാങ്ങിയതിന് യഥാർത്ഥ ബിൽ സമർപ്പിച്ചിട്ടില്ല. തൻ വർഷം നിർവ്വഹണം നടത്തിയ മറ്റ് 21 പ്രവർത്തികളും ഇത്തരത്തിലാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. കൂടാതെ 23 പ്രവർത്തികൾക്ക് പ്രത്യേകം ടെണ്ടർ വാങ്ങിയത് ക്രമപ്രകാരമല്ല (സ്റ്റോർ പർച്ചേസ് നിയമ പ്രകാരം ആകെയുള്ള അളവിന് ടെണ്ടർ ക്ഷണിക്കണമായിരുന്നു) വിശദീകരണം ലഭ്യമാക്കാൻ നൽകിയ എൻക്വയറിക്ക് (നം:22/25.6.2024) സമർപ്പിച്ച മറുപടിയിൽ ഓാംബുഡ്സ്മാൻ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ സംഭവിച്ച അപാകതകൾ ഭാവിയിൽ ശ്രദ്ധിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പാലിക്കാത്തത് മൂലം അധിക നിരക്കിൽ സിമന്റ് വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കുകയോ, അധികം നൽകിയ തുക തിരിച്ചടവാക്കുകയോ ചെയ്യേണ്ടതാണ്.

## 1-32 മെഡിക്കൽ ഓഫീസർ ഹോമിയോ -മരുന്ന് ലഭ്യമാകുവാൻ അവശേഷിക്കുന്നു.

| | |
|---|---|
| പ്രോജക്ട് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (69/2023-24) |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| അടങ്കൽ | 2,00,000 രൂപ (Maintanance Fund- Non Road) |
| ചെലവ് | 2,00,000 രൂപ |
| ബിൽ നമ്പർ | 23150352038501096813/20-01-24 |
| പ്രൊഫോർമ ഇൻവോയിസ് നമ്പർ | PF- 1200/11-1-24 |

മേൽ പദ്ധതി പ്രകാരം ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ഹോംകോക്ക് മുൻകൂറായി 2,00,000/- രൂപ നല്കിയതിന് 86,697/- രൂപയുടെ മരുന്ന് മാത്രമാണ് (ഇൻവോഴ്സ് നമ്പർ-LF3340/25.03.2024) നാളിതു വരെയായി ലഭ്യമായിട്ടുള്ളത്.
എൻക്വയറി (17/24.6.2024) നൽകിയതിന് ഹോംകോയ്ക്ക് മെയിൽ അയച്ചിട്ടുണ്ടെന്നും മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. അവശേഷിക്കുന്ന തുകക്കുള്ള (113303) മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 മെഡിക്കൽ ഓഫീസർ എഫ് എച്ച് സി- വിവിധ പ്രോജക്റ്റുകൾ പ്രകാരമുള്ള മരുന്നുകൾ ലഭ്യാകുവാൻ അവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ-എഫ്.എച്ച്.സി നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പദ്ധതികൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിന് KMSCLന് മുൻകൂറായി പണം അനുവദിച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് | മരുന്നിനായി KMSCLന് മുൻകൂർ നൽകിയ തുക/ ഫണ്ട് | ബിൽ/വൗച്ചർ നമ്പർ | പ്രൊഫോർമ ഇൻവോഴ്സ് നമ്പർ | നാളിതുവരെ ലഭ്യമായ മരുന്നിന്റെ തുക | ലഭ്യമാക്കാനവ ശേഷിക്കുന്ന മരുന്നിന്റെ വിവരം |
|---|---|---|---|---|---|
| കിഡ്നി ട്രാൻസ്പ്ളാന്റ് രോഗികൾക്ക് മരുന്ന് നൽകൽ പദ്ധതി 54/24 | 199973/- പൊതുവിഭാഗം സാധാരണ വിഹിതം | 23150352039101273525/ 26.02.24 | PRF4144/ 16.02.24 | 5183 | 194790 |
| എഫ് എച് സിയിലേക്ക് മരുന്ന് വാങ്ങൽ 55/24 | 300000/-(നോൺ റോഡ്) | 23150352039100653032/ 12.10.23 | PRF 1595/ 06.10.23 | 194116 | 105884 |
| പരിരക്ഷാ സാന്ത്വനപരിചരണ പദ്ധതി 51/24 | 600000/- (ഡയാലിസിസ് | 23150352039100742718/ 6.11.23 | PRF 1815/ 21.10.23 | 229620 | 370380 |

| | | | | | |
|---|---|---|---|---|---|
| | കിറ്റ്) പൊതുവിഭാഗം സാധാരണ വിഹിതം | | | | |
| | 100000/- പൊതുവിഭാഗം സാധാരണ വിഹിതം | 23150352039101346413/ 11.03.24 | PRF 4611/ 29.02.24 | 29589 | 70411 |
| കുടുംബാരോഗ്യകേന്ദ്രങ്ങളേയും ഉപകേന്ദ്രങ്ങളേയും ജനകീയാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനുള്ള സാമ്പത്തിക സഹായം -406/24 | 188595/- ഹെൽത്ത് ഗ്രാന്റ് | 1037 /31.03.24 | PRF 5631/ 23.03.24 | 0 | 188595 |

ഓരോ പ്രൊജക്റ്റിലും ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 33/28.06.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-34 മെഡിക്കൽ ഓഫീസർ ആയുർവേദം- കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് | ആയുർവേദ ആശുപത്രിയിലേക്ക് കമ്പ്യൂട്ടർ മറ്റ് ഉപകരണങ്ങൾ വാങ്ങൽ (33/2023-24) |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| അടങ്കൽ | 50,000 രൂപ (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് | 48276/-രൂപ |
| ബിൽ നമ്പർ | 23150352038701392478/ 18.03.24 |

മേൽ പ്രൊജക്റ്റ് പ്രകാരം ആയുർവേദ ആശുപത്രിയിലേക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനായി കെൽട്രോണിന് 48276/- രൂപ മുൻകൂർ ആയി നൽകിയിട്ടുണ്ട് (പ്രൊഫോർമ ഇൻവോഴ്സ് നമ്പർ-TVM/ITBG/PI/RC/54277/23-24/11.03.2024). എന്നാൽ നാളിതുവരെ കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല. ഓഡിറ്റ് എൻക്വയറി (32/28.06.24) നൽകിയതിന് കെൽട്രോൺ നിന്നുള്ള താമസമാണെന്നും അടിയന്തിരമായി ലഭ്യമാക്കുന്നതിന് ആവശ്യപ്പെടുന്നതാണെന്നും മറുപടി ലഭ്യമാക്കി. കമ്പ്യൂട്ടർ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ആയതു വരെ ചെലവ് തുക 48276/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-35 "പഞ്ചായത്ത് ഫണ്ട് ധനാപഹരണം" തുടർ നടപടി വിവരം ലഭ്യമാക്കണം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റ് 2018-19 വാർഷിക ഓഡിറ്റ് റിപ്പോർട്ട് (നം:കെ.എസ്.എ.എം.പി.എം 27/375/2020/5.5.2020ഖണ്ഡിക 1-22 പ്രകാരം “പഞ്ചായത്തിലെ വസ്തു നികുതി, ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ പിരിച്ചെടുക്കുന്നതിന് ശ്രീ. സലീം പള്ളിയാൽതൊടി, ക്ലാർക്ക് എന്നവർക്ക് നൽകിയ വിവിധ രസീതി ബുക്കുകൾ ഉപയോഗിച്ച് ടിയാൻ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയതിനാൽ പ്രസ്തുത രസീതി ബുക്കുകൾ പ്രകാരം പിരിച്ചെടുത്ത തുക, ആയത് പഞ്ചായത്ത് അടവാക്കിയതിന്റെ വിവരം എന്നിവ പരിശോധിക്കാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ലായെന്നും ആയതിന്റെ തുടർവിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/29.06.24) ടിയാനെതിരെ 5754632/-രൂപ ക്രമക്കേട് സംബന്ധിച്ച് VCO2/2024/MPM നമ്പർ പ്രകാരം വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതായി മറുപടി ലഭ്യമാക്കി. ആയത് പ്രകാരം സ്വീകരിച്ച തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-36 പൂർത്തീകരണ വിവരം, കൈപ്പറ്റ് രശീതി മുതലായവ ലഭ്യമാക്കിയിട്ടില്ല.

**നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി**

| പ്രൊജക്ട് | ചെക്ക്/ബിൽ നം./ തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 4/24, വിവിധ വാർഡുകളിലെ തെരുവ് വിളക്ക് ദീർഘിപ്പിക്കൽ | XVFC/2023-24/ P/19/5.3.24 | 1618000 | To KSEB , (അങ്ങാടിപ്പുറം, പെരിന്തൽമണ്ണ) പൂർത്തീകരണ |
| | XVFC/2023-24/ P/22/12.3.24 | 199608 | |

| | | | |
|---|---|---|---|
| | | | വിവരം ലഭ്യമല്ല. |
| 18/24 IKM വിഹിതം നൽകൽ | 3080713/17.10.23 | 129120 | രശീതി ലഭ്യമല്ല |
| 26/24PMAY അധിക വിഹിതം നൽകൽ (SCP) | 2315035200490803191/ 16.11.23 | 70000 | വിനിയോഗ വിവരം ലഭ്യമല്ല |
| 252/24, ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 226/14.12.23 | 31672 | To KSEB , അങ്ങാടിപ്പുറം പൂർത്തീകരണ വിവരം ലഭ്യമല്ല. (ബഡ്സ് സ്കൂൾ) |
| | ആകെ | 2048400 | |

ഇതുസംബന്ധിച്ച് എൻക്വയറിക്ക് (നം-36/28.6.2024 ) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതുവരെ 2048400 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-38 തെരുവ് വിളക്ക് -സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ -സർക്കാർ ഉത്തരവ് പാലിക്കണം

**നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി**

പഞ്ചായത്തിൽ 23 വാർഡുകളിലായി തെരുവ് വിളക്ക് വൈദ്യുത ഉപകരണങ്ങളുടെ ചാർജ്ജ് ഇനത്തിൽ പ്രതി വർഷം 2096581/- രൂപ തൻവർഷം ചെലവ് വന്നിട്ടുണ്ട് (3/2024 ൽ 185385/-). നിലവിൽ പഞ്ചായത്ത് രേഖകൾ പ്രകാരം 23 വാർഡുകളിലായി 3147 ഇലക്ട്രിക്ക് പോസ്റ്റുകൾ ഉള്ളതിൽ പൂർണ്ണമായും എൽ.ഇ.ഡി ബൾബുകൾ (12 W) സ്ഥാപിച്ചതായിട്ടാണ് രേഖകൾ വ്യക്തമാക്കുന്നത് . പഞ്ചായത്ത് മുഴുവനായും സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ പൂർത്തീകരിക്കാത്തതിനാൽ മീറ്റർ റീഡിങ് അടിസ്ഥാനത്തിലല്ല കെ.എസ്.ഇ.ബിയുടെ ഡിമാന്റ്. ആയതിനാൽ ഡിമാന്റിൽ കൃത്യതയില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്ത് ഇത് സംബന്ധിച്ച് KSEB യുമായി സംയുക്ത പരിശോധന നടത്തിയത് സംബന്ധിച്ച ഫയൽ ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ വാർഡ് മെമ്പർമാരുടെ അഭിപ്രായം തേടേണ്ടതും (വാർഡുകളിലെ എല്ലാ ഉപകരണങ്ങളും പ്രവർത്തനക്ഷമമാണോ എന്ന വിവരം) ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. യഥാർത്ഥത്തിൽ മേൽപ്പറയും പ്രകാരം ഉള്ളവ പ്രവർത്തിക്കുന്നുണ്ടോയെന്നും പ്രതിമാസം 4 ഇലക്ട്രിക്ക് ഡിവിഷനുകളിലായി പ്രതിമാസം 185385/- രൂപയുടെ വൈദ്യുതി ചാർജ്ജ് ഈടാക്കേണ്ടി വരുന്നതിന്റെ നിജസ്ഥിതി സംയുക്ത പരിശോധന നടത്തി ഉറപ്പാക്കേണ്ടതുമാണ്. നിലവിലെ KSEBയുടെ ഡിമാന്റ് നോട്ടീസ് രേഖകൾ ഹാജരാക്കേണ്ടതും സർക്കാർ ഉത്തരവ് പ്രകാരം പൂർണ്ണതോതിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച എൻക്വയറിക്ക് (37/29.6.2024) ലഭ്യമാക്കിയ മറുപടിയിൽ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

## 1-39 സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങൽ -അപാകതകൾ

**നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി**

**പ്രൊജക്ട് : 17/24, സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങൽ**

**അടങ്കൽ : 1000000 (500000 CFC ,500000 തനത് ഫണ്ട് )**

ചെലവ് : ബിൽ നം./തിയ്യതി 1): 295/24.01.2024 : 371482.00 (CFC Grant)

2): 636/30.03.2024 : <u>128518.00</u> (CFC Grant)

**Total <u>: 5,00,000.00</u>**

പ്രൊജക്ട് പ്രകാരം സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങി അടാട്ട് മോഡൽ തെരുവ് വിളക്ക് പരിപാലനത്തിനായി നൽകിയിട്ടുണ്ട്. പ്രസ്തുത വസ്തുക്കൾ ആർജ്ജിക്കുന്നതിൽ സർക്കാർ ഉത്തരവുകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു.

08.11.2010 ലെ G.O. (P) 259/2010/LSGD നമ്പർ ഉത്തരവ് ഖണ്ഡിക 5 പ്രകാരം ടെണ്ടർ/ക്വട്ടേഷനിൽ ബ്രാന്റ് നെയിം രേഖപ്പെടുത്തി വസ്തുക്കൾ ആർജ്ജിക്കുന്നത് ഒഴിവാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. പ്രൊജക്ട് പ്രകാരം ഉപകരണങ്ങൾ വാങ്ങുന്നതിന് പ്രസിദ്ധീകരിച്ച ടെണ്ടർ നോട്ടീസിൽ 3ാമത്തെ നിബന്ധന ബ്രാന്റ് നെയിം രേഖപ്പെടുത്തണമെന്നാണ്.

വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ISI/BIS മുദ്രയുള്ളതാവണമെന്ന് ടെണ്ടർ നോട്ടീസിൽ ആവശ്യപ്പെടേണ്ടതായിരുന്നുവെങ്കിലും പ്രസ്തുത നിബന്ധന ഉൾപ്പെടുത്താതെയാണ് നോട്ടീസ് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

ടെണ്ടർ നോട്ടീസിൽ ഉന്നയിച്ച എല്ലാ നിബന്ധനകളും പാലിച്ച് ടെണ്ടർ സമർപ്പിക്കുന്ന പക്ഷം വിലയിൽ ഏറ്റവും

കുറവുള്ള ടെണ്ടർ അംഗീകരിക്കുന്നതിന് പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരം പഞ്ചായത്ത് ബാധ്യസ്ഥരാണ്. എന്നാൽ വിലയിൽ ഏറ്റവും കുറവുള്ള ഇനം ഗുണനിലവാരത്തിൽ പിന്നാക്കമാണെന്ന് വിലയിരുത്തുന്ന പക്ഷം വില കൂടുതലുള്ള ഇനം വാങ്ങേണ്ടതുണ്ടെങ്കിൽ നിബന്ധനകൾ പൂർണ്ണമായി പാലിച്ച് ടെണ്ടറിൽ ഓഫർ ചെയ്ത എല്ലാ ടെണ്ടറുകാരുടെയും ബന്ധപ്പെട്ട വസ്തുക്കൾ നേരിട്ട് പരിശോധിച്ച്, ക്ഷമതയുള്ള സാങ്കേതിക സ്ഥാപനം നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിക്ക് ശിപാർശ ചെയ്യാവുന്നതും ഭരണസമിതിക്ക് ഉചിതമായ തീരുമാനം കൈകൊള്ളാവുന്നതുമാണ്. എന്നാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായ നിബന്ധന ഉൾപ്പെടുത്തി ടെണ്ടർ നടപടികൾ പൂർത്തിയാക്കി തയ്യാറാക്കിയ താരതമ്യ പട്ടികയിലെ കുറഞ്ഞ വില ക്വാട്ട് ചെയ്ത ടെണ്ടറുകൾ അവഗണിച്ച് ഗുണനിലവാരമുള്ള ബ്രാന്റഡ് ഐറ്റമെന്ന് വിശേഷിപ്പിച്ച്, ഭരണസമിതി 14.8.2023ലെ 06(1)നമ്പർ പ്രകാരം ഐക്യകണ്ഠേന തീരുമാനമെടുത്ത് AK Engineering Company, Thrissur ന്റെ ടെണ്ടർ സ്വീകരിക്കുകയും പർച്ചേസ് നടത്തുകയും ചെയ്തിട്ടുണ്ട്.

ഇൻവോയ്സ് വിവരം:

| Sl.No | No& Date | Purchased Items | | Total Bill Amount |
|---|---|---|---|---|
| 1 | 90A23-24/ 26.8.23 | 12W LED Bulb (Luker) | 1000 Nos | 168565 |
| | | Service Cable 4mm | 10 Roll | |
| | | Pendent Holder(Anchor) | 300 Nos | |
| | | Aluminium Shade | 200 Nos | |
| | | Insulation Tape | 200 Nos | |
| 2 | 99A23-24/ 11.9.23 | Pendent Holder(Anchor) | 200 Nos | 25802 |
| | | Aluminium Shade | 600 Nos | |
| 3 | 133A23-24/ 26.10.23 | 12W LED Bulb (Luker) | 1000 Nos | 177115 |
| | | Service Cable 4mm | 12 Roll | |
| | | Pendent Holder(Anchor) | 400 Nos | |
| | | Aluminium Shade | 300 Nos | |
| | | Insulation Tape | 200 Nos | |
| 4 | 200A23-24/ 22.01.24 | 12W LED Bulb (Luker) | 1000 Nos | 177778 |
| | | Service Cable 4mm | 10 Roll | |
| | | Pendent Holder(Anchor) | 300 Nos | |
| | | Aluminium Shade | 500 Nos | |
| | | Insulation Tape | 120 Nos | |
| 5 | 201A23-24/ 24.01.24 | Aluminium Shade | 100 Nos | 80699 |
| | | 6A 1 Way BED Switch | 1800Nos | |
| | **Total** | | | **629959** |

[ആയതിൽ തൻവർഷം 5,00,000രൂപ ചെലവ് ചെയ്തിട്ടുണ്ട്. ആയതിൽ ഒന്നാം ബിൽ പ്രകാരം 7430/-രൂപ മാത്രമാണ് GST TDS നടത്തി ഒടുക്കിയിട്ടുള്ളത്]

കൂടിയ വില നൽകി പർച്ചേസ് നടത്തിയതിന്റെ ഉദാഹരണം താഴെ കൊടുക്കുന്നു.

| ഇനം | ക്വാട്ട് ചെയ്ത ഏറ്റവും കുറഞ്ഞവില | ISI മുദ്രയോടു കൂടിയതിൽ ക്വാട്ട് ചെയ്ത ഏറ്റവും കുറഞ്ഞവില | വാങ്ങിയ വില | ISI മുദ്രയോടു കൂടിയ കുറഞ്ഞവിലയും വാങ്ങിയ വിലയും തമ്മിലുള്ള വ്യത്യാസം |
|---|---|---|---|---|
| 12W LED ബൾബ് | 102/1No. (TryCity Traders- ബ്രാന്റ് രേഖപ്പെടുത്തിയിട്ടില്ല) | 105/1No.(Asian Marketing- GOLDEN PLUS) | 1401No. (AK Engineering Company- Luker) | 140-105=35/- |

ആകെ വാങ്ങിയ ബൾബുകളുടെ എണ്ണം : 3000

ബൾബുകളുടെ വിലയിൽ മാത്രം അധികച്ചെലവ് : 3000x35 =105000 രൂപ.

ഭരണസമിതി തീരുമാനമെടുത്ത വേളയിൽ ആയത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന് സെക്രട്ടറി അഭിപ്രായം അറിയിച്ചിട്ടുണ്ടെങ്കിലും തീരുമാനം നടപ്പാക്കുന്നതിന് മുമ്പ് സർക്കാരിനെ അറിയിച്ച് അംഗീകാരം ലഭ്യമാക്കിയ രേഖ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പ്രൊക്യുർമെന്റ് ഉത്തരവിന് വിരുദ്ധമായ നടപടി സ്വീകരിച്ച് പർച്ചേസ് നടത്തിയും തെറ്റായ ഭരണസമിതി തീരുമാനം സർക്കാരിനെ അറിയിക്കാതെ അധികച്ചെലവ് നടത്തിയത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി (നം-35/28.6.2024)ക്ക് മറുപടി ലഭ്യമാക്കിയതിൽ മുൻവർഷങ്ങളിൽ കോൺട്രാക്ടർ സപ്ലൈ ചെയ്ത ബൾബുകൾ ഉപയോഗപ്രദമല്ലെന്ന് ബോധ്യപ്പെട്ടതിനാൽ ആണ് പഞ്ചായത്ത് തീരുമാനത്തിന്റ അടിസ്ഥാനത്തിൽ പ്രവർത്തന ക്ഷമതയുള്ള ബൾബുകൾ പ്രൊക്യുർമെന്റ് നടപടിക്രമങ്ങൾ പാലിച്ച് പർച്ചേസ് ചെയ്തതെന്ന് അറിയിച്ചു. ഭാവിയിൽ മാനദണ്ഡങ്ങൾ പാലിച്ച് പർച്ചേസ് നടത്തേണ്ടതാണ്.

## 1-40 കുടിവെള്ള പൊതു ടാപ്പ് -സർക്കാർ നിർദ്ദേശം പാലിക്കണം

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

ഗ്രാമപഞ്ചായത്തിൽ 23 വാർഡുകളിലായി 38 പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഇനത്തിൽ പ്രതിമാസം 55348/- രൂപ അടവാക്കുന്നതായി കാണുന്നു. വാർഡ് തിരിച്ചുള്ള പൊതുടാപ്പുകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.ജലജീവൻ മിഷൻ പദ്ധതി പഞ്ചായത്തിൽ പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് പൊതു ടാപ്പുകൾ കാലോചിതമായി ഒഴിവാക്കി വ്യക്തിഗത ടാപ്പുകൾക്ക് ഊന്നൽ നൽകണമെന്ന് സർക്കാർ പദ്ധതി മാർഗ്ഗ രേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി യഥാർത്ഥ ഡിമാന്റിന്റെ അടിസ്ഥാനത്തിൽ വാട്ടർ ചാർജ്ജ് ക്രമീകരിക്കേണ്ടതാണ്.ഇതു സംബന്ധിച്ച എൻക്വയറിക്ക് (നം-38/29.6.2024) ലഭ്യമാക്കിയ മറുപടിയിൽ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു

## 1-41 ഫിറ്റ്നെസ്സ് എടുക്കാതെ സ്കൂളുകൾ പ്രവർത്തിക്കുന്നു

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30.12.16 ലെ 792455/ഇ.ഡബ്ല്യു 3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്രി പ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/എയ്ഡഡ്/നോൺ എയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും കൈവരിക്കേണ്ടതാണ് എന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ/സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് അതത് തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ മേധാവി നടപടി സ്വീകരിച്ച് ഉറപ്പാക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്ത സ്കൂളുകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നുണ്ടെന്ന് വ്യക്തമായെങ്കിലും എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ 2023-24 വർഷത്തേക്ക് ഫിറ്റ്നസ് നൽകിയ സ്കൂളുകളുടെ ഫയൽ പരിശോധിച്ചതിൽ ഈ സ്കൂളുകൾക്ക് ഫിറ്റ്നസ് നൽകിയതിന്റെ രേഖകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

1. ടെക്നിക്കൽ HSS പെരിന്തൽമണ്ണ
2. St. ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ
3. അൽ ഫത്തഹ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, വഴിപ്പാറ
4. ദാറുൽ ഫലാഫ് ഇംഗ്ലീഷ് സ്കൂൾ, പൂപ്പലം

പ്രസ്തുത സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/22.06.24) ന് സ്കൂളുകൾക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. മുഴുവൻ സ്കൂളുകളും ഫിറ്റ്നസ് നേടിയിട്ടുണ്ടെന്ന് ഉറപ്പാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ ഫിറ്റ്നസ് ഇല്ലാതെ വിദ്യഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നിൽകിയതിന്റ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2023-24 | 2023-24വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 1068000 | 7/24 സമഗ്ര നെൽക്കൃഷി വികസനം | 1068000 | 0 |
| | 330000 | 61/24 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 330000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 756500 | 7/24 സമഗ്ര നെൽക്കൃഷി വികസനം | 756500 | 0 |
| | 1640000 | 24/24 ലൈഫ് മിഷൻ പദ്ധതി എസ് സി | 1640000 | 0 |
| | 40000 | 6/24 ലൈഫ് മിഷൻ പദ്ധതി ജനറൽ | 40000 | 0 |
| | 624816 | 61/24 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 624816 | 0 |

വാർഷിക കണക്ക് പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള ആകെ വിഹിതം 30,21,316 രൂപയാണ്. എന്നാൽ ഐ കെ എം സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചെലവ് 30,61,316 രൂപ .

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ / ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | 252/24, ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 226/14.12.23 | 31672 | 0 | പൂർത്തീകരിച്ചിട്ടില്ല | 31672 |
| KSEB | 04/24 സ്ട്രീറ്റ് മെയ്ൻ | XVFC/2023-24/ P/19/5.3.24 | 1618000 | 0 | പൂർത്തീകരിച്ചിട്ടില്ല. | 19,99,608 |
| | | XVFC/2023-24/ P/22/12.3.24 | 199608 | 0 | പൂർത്തീകരിച്ചിട്ടില്ല. | 199608 |
| | | XVFC/2023-24/ P/12/21.2.24 | 182000 | 182000 | പൂർത്തീകരിച്ചു | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽതിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | LIFE KURDFC | - | 8620000 | 28766119 | 5521654 | NIL | 31864465 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4147100 |
| തൻവർഷം നിക്ഷേപിച്ച തുക | 146979 |
| ആകെ | 4294079 |
| തന്നാണ്ടിൽ പിൻവലിച്ച തുക | NIL |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4294079 |

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| FD | 2099359 | 67300672088 എസ്.ബി.ഐ അങ്ങാടിപ്പുറം |
| FD | 2193720 | 67300071482 എസ്.ബി.ഐ അങ്ങാടിപ്പുറം |
| SHARE | 1000 | സഹകരണ ബാങ്ക് |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 39 | 2003-04 | പൊതുപരാമർശങ്ങൾ | അങ്ങാടിപ്പുറം പരിയാപുരം റോഡ് പ്രവൃത്തി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2006-07 | 3(22)(1),(2),(3),(4), 3(11) | 2009-10 | പൊതുപരാമർശങ്ങൾ | ഡെപ്പോസിറ്റ്പ്രവൃത്തികൾ പൂർത്തിയാക്കാത്തത് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| -- | -- | 2014-15 | -- | പ്രവർത്തനാവലോകനം (മൃഗസംരക്ഷണവും ക്ഷീരവികസനവും) | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2019-20 | 1-15 | 2020-21 | അനുബന്ധം 2 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടിയുടെ വിവരങ്ങൾ

| ക്രമ നം | സ്ഥാപനം | വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | സർചാർജ്ജ് വിവരം | തുക | ഈടാക്കിയത് | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|
| 1 | അങ്ങാടിപ്പുറം ഗ്രാ.പ | 1999-00 | 41,45,46 | ശ്രീ.മോഹനൻ നമ്പൂതിരി, സെക്രട്ടറി | LF 15379/ Sp.Cell-/ SC-5/2004/7.7.2008 | 87569 | | 57569+ Int | O.P/218/2008 Allowed 18.7.17 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 2 | | 1997-98 | 51 | ശ്രീ.എൻ.വി സദാനന്ദൻ – കൃഷി ഓഫീസർ | LF 6500/ Sp.Cell/ SC-5/2005/ 10.11.2004 | 5000 | | 5000 | നടപടി സ്വീകരിച്ചിട്ടില്ല |
| 3 | | 1997-98 | 43 | ശ്രീ.ബാബു നന്ദകുമാർ ഓവർസീയർ | LF 6500/ Sp.Cell/ SC-5 /2005/21.3.2006 | 8497 | | 8497 | രശീതിനം- 118060104637 /30.7.2018 പ്രകാരം അടവാക്കിയിട്ടുണ്ട് |
| 4 | | 1997-98 | 39(1) 40(2) 42 | ശ്രീമതി .ലീലാവതി ഓവർസീയർ | LF 6500/ Sp.Cell/ SC-5 /2005/ 21.3.2006 | 22389 | | | നടപടി സ്വീകരിച്ചിട്ടില്ല |
| 5 | | 1997-98 | 37 | ശ്രീ.ഗോപാലകൃഷ്ണൻ സെക്രട്ടറി | LF 6500/ Sp.Cell/ SC-5 /2005/ 10.11.2004 | 3778 | | 3778 | നടപടി സ്വീകരിച്ചിട്ടില്ല |
| 6 | | 1996-97 | 40(1)(2)(3) | ശ്രീമതി.പി.ലത | LF 22507/ Sp.Cell/ SC-1/ 1999/ 18.10.2001 | 11036 | | 11036 | നടപടി സ്വീകരിച്ചിട്ടില്ല |
| 7 | | 1996-97 | 41 | ശ്രീ.വി.ഗോപാലകൃഷ്ണൻ | LF 22507/ Sp.Cell/ SC-1/ 1999/18.10.2001 | 997 | | 997 | നടപടി സ്വീകരിച്ചിട്ടില്ല |
| 8 | | 1996-97 | 42 | ശ്രീ.കുഞ്ഞിമുഹമ്മദ് | LF 22507/ Sp.Cell/ SC-1/ 1999/18.10.2001 | 5320 | 4020 | 1300 | രശീതി നം -44772/72/8.1.2004 പ്രകാരം 4020 അടവാക്കി |
| 9 | | 1996-97 | 35(3) മുതൽ (9) വരെ | ശ്രീ.സി.വി ഗോപാലകൃഷ്ണൻ | LF 22507/ Sp.Cell/ SC-1/ 1999/16.8.2001 | 3871 | | 3871 | നടപടി സ്വീകരിച്ചിട്ടില്ല |
| 10 | | 1996-97 | 36(1) 37 38 | ശ്രീ.കുഞ്ഞിമുഹമ്മദ് | LF 22507/ Sp.Cell/ SC-1/ 1999/18.10.2001 | 100 | | 100 | നടപടി സ്വീകരിച്ചിട്ടില്ല |
| 11 | | 1997-98 | 33(1) | ശ്രീ.വി. ഗോപാലകൃഷ്ണൻ | LF 6500/ Sp.Cell/ SC-5/ 03/24.7.2014 | 990 | | 990 | നടപടി സ്വീകരിച്ചിട്ടില്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 303964047.14 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 275047512.64 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3940182 |

ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല.
സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 74161 | ഡോ. ജമാലുദ്ധീൻ, മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-21 | 1200000 | ശ്രീമതി. ഫരീദ, ഹെഡ്മിസ്ട്രസ് |
| 1-22 | 378450 | ശ്രീമതി. ഫരീദ, ഹെഡ്മിസ്ട്രസ് |
| 1-26 | 124195 | ശ്രീ. ഡസ്സൽ സേവ്യർ, കൃഷി ഓഫീസർ |
| 1-27 | 66700 | ശ്രീമതി. ഫരീദ, ഹെഡ്മിസ്ട്രസ് |
| 1-34 | 48276 | ഡോ ബർദ്ദീഷ, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 1-36 | 2048400 | ശ്രീ അജയകുമാർ സി. കെ, സെക്രട്ടറി, |
| ആകെ | 3940182 | |

ഡി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല
ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല
എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ
ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ്.എം.പി.എം.27/2119/22 തി.3.10.22 | 6 |
| 1997-98 | കെ.എസ്.എ്.എം.പി.എം.27/2119/22 (1) തി.3.10.22 | 8 |
| 1998-99 | കെ.എസ്.എ്.എം.പി.എം.27/2119/22 (2) തി.3.10.22 | 2 |
| 1999-00 | കെ.എസ്.എ്.എം.പി.എം.27/2119/22 (3) തി.3.10.22 | 12 |
| 2000-01 | കെ.എസ്.എ്.എം.പി.എം.27/2119/22 (4) തി.3.10.22 | 9 |
| 2001-02 | എൽ.എഫ്.എം.12/1256/09തി.18.9.10 | 4 |
| 2002-03 | എൽ.എഫ്.എം.12/1257/09തി.18.9.10 | 4 |
| 2003-04 | എൽ.എഫ്.എം.12/1258/09തി.18.9.10 | 9 |
| 2004-05 | കെ.എസ്.എ്.എം.പി.എം.27/25/2009 തി. 20.04.2023 | 11 |
| 2005-06 | കെ.എസ്.എ്.എം.പി.എം.27/1150/2009 തി. | 19 |

| | | |
|---|---|---|
| | 20.04.2023 | |
| 2006-07 | കെ.എസ്.എ).എം.പി.എം.27/1151/2009 തി. 20.04.2023 | 23 |
| 2007-08 | കെ.എസ്.എ).എം.പി.എം.27/1152/2009 തി. 20.04.2023 | 27 |
| 2008-09 | കെ.എസ്.എ).എം.പി.എം.27/921/2012 തി. 20.04.2023 | 24 |
| 2009-10 | കെ.എസ്.എ).എം.പി.എം.27/922/2012 തി. 20.04.2023 | 28 |
| 2010-11 | കെ.എസ്.എ).എം.പി.എം.27/1137/2012 തി. 20.04.2023 | 15 |
| 11-12,12-13 | കെ.എസ്.എ).എം.പി.എം.27/2119/22 (5) തി.3.10.22 | 17 |
| 2013-14,14-15 | കെ.എസ്.എ).എം.പി.എം.27/2119/22 (6) തി.31.10.22 | 29 |
| 2015-16 | കെ.എസ്.എ).എം.പി.എം27/2765/16 , തി.10.04.2023 | 10 |
| 2016-17 | കെ.എസ്.എ).എം.പി.എം27/2199/2017 തി.11.4.2023 | 14 |
| 2017-18 | കെ.എസ്.എ).എം.പി.എം27/1949/2018 തി.03.04.2023 | 11 |
| 2018-19 | കെ.എസ്.എ).എം.പി.എം27/375/2020 തി.11.04.2023 | 29 |
| 2019-20 | കെ.എസ്.എ).എം.പി.എം27/1223/2021, തി. 09.5.22 | 7 |
| 2020-21 | കെ.എസ്.എ).എം.പി.എം27/1224/2021, തി.09.05.2022 | 20 |
| 2021-22 | കെ.എസ്.എ).എം.പി.എം27/2582/2022, തി.03.07.2023 | 30 |
| 2022-23 | കെ.എസ്.എ).എം.പി.എം27/2030/2023, തി.16.03.2024 | 22 |

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 22-05-2024 and submitted on 23-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Angadippuram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Angadippuram Grama Panchayat as on 31-03-2024

**Date: 02/08/2024** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Angadippuram Grama Panchayat for the Year 2023-2024.

#### 1.Major Observations

nil

#### 2.Other Observations

1.The following mandatory financial statements prescribed in accounting rules of Kerala Panchayath Raj (Accounts),2011 are not submitted for audit.
a)Ratios
b)notes on accounts
c) comparative amounts of previous year.
2.Net increase/decrease in cash flow does not match with the net cash generated by operating, investing and financial activities and closing balance of cash and cash equivalents .
3.Some amounts in AFS are not entered in whole numbers as per kerala panchayath Raj Account rules 62(2)4.
4. Amounts recorded in âÂÂcheque deposited but not clearedâÂÂ are unadjested in reconciliation statement.
(State Bank of india âÂÂEpayment)
5.Amounts recorded in directly deposited by bank are not unadjusted in reconciliation statement
6.The amounts in deposit register (suppliers EMD) not match with AFS(State Bank of india -Epayment)
7.Expenditure of grants in Annual Financial Statement are not Agreed with Appropriation Control Register .
8.Asset register is not up to date and is not reliable for audit.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## annexure -3
## വാർഷിക കണക്ക് സംക്ഷിപ്തം

(1)**INCOME & EXPENDITURE ABSTRACT**

| | **Angadippuram Grama Panchayat**<br><br>**INCOME & EXPENDITURE STATEMENT** | | |
|---|---|---|---|
| | For the period from 01-April-2023 to 31-March-2024 | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 26024581.00 |
| 120000000 | Assigned Revenues, Shared Taxes and Compensations<br><br>(BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 175692.00 |
| 140000000 | Fee & User Charges | I-4 | 21892572.50 |
| 150000000 | Sale & Hire Charges | I-5 | 173700.00 |
| 160000000 | Revenue Grants, Funds, Contributions & Compensations /<br><br>Subsidies | I-6 | 190666377.00 |
| 170000000 | Income from Investments | I-7 | 146979.00 |
| 171000000 | Interest Earned | I-8 | 1176915.00 |
| 180000000 | Other Income | I-9 | 2116.00 |
| 190000000 | Prior Period Income | I-19 | 251209.00 |
| | **Total Income** | | **240258932.50** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 15267314.00 |
| 220000000 | Administrative Expenses | I-11 | 906334.00 |
| 230000000 | Operations & Maintenance | I-12 | 3253273.00 |
| 240000000 | Interest & Finance Charges | I-13 | 1498.00 |
| 250000000 | Decentralised Plan Programme-Productive Sector /<br><br>Programme Expenses | I-14 | 14222168.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 44902698.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 17631691.00 |
| 253000000 | Decentralised Plan Programme-Projects not included in<br><br>Sector Division | I-14(C) | 14645965.00 |
| 254000000 | Expenditures of Transfered Institutions and State Sponsored<br><br>Schemes (not included under Decentralized Plan Programme) | I-14(D) | 80563800.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1035874.00 |
| 260000000 | Grants, Contributions & Compensation from Own Fund /<br><br>Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and<br><br>Investments | I-17 | 0.0 |

(2)**BALANCE SHEET**

| | | | |
|---|---|---|---|
| | **Angadippuram Grama Panchayat**<br>**BALANCE SHEET** | | |
| | For the period from 01-April-2023 to 31-March-2024 | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 47116881.96 |
| 311000000 | Earmarked Funds - Special Funds/ Sinking Fund/Trust or<br>Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 98878909.00 |
| | **Total Reserve & Surplus** | | **145995790.96** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 33446307.00 |
| | **Total Grants, Contributions for Specific Purposes** | | **33446307.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 31864465.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **31864465.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 2445419.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 4388608.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **6834027.00** |
| | **TOTAL LIABILITIES** | | **218140589.96** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 1779733.00 |
| 412000000 | Capital Work in Progress | B-11(b) | 584504.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 3853049.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 42682677.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 153317344.00 |
| 416000000 | Accumulated Depreciation | B-11(a) | -167074463.40 |
| | **Total Fixed Assets** | | **35142843.60** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 4294079.00 |

(3)**RECEIPT & PAYMENT STATEMENT**

| | **Angadippuram Grama Panchayat**<br>**RECEIPT & PAYMENT STATEMENT** | | |
|---|---|---|---|
| | For the period from 01-April-2023 to 31-March-2024 | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 73985545.86 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 7279542.00 |
| 140000000 | Fees & User Charges | RP-4 | 21039312.50 |
| 150000000 | Sale & Hire Charges | RP-5 | 173200.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 26947000.00 |
| 171000000 | Interest Earned | RP-9 | 1176915.00 |
| 190000000 | Prior Period Income | RP-11 | 265975.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 23845.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 24740083.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 38749540.00 |
| 460000000 | Loans, Advances and Deposits | RP-49 | 16000.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 2116.00 |
| 330000000 | Secured Loans | RP-31 | 8620000.00 |
| 340000000 | Deposits Received | RP-33 | 130341.00 |
| 350000000 | Other Liabilities | RP-35 | 1619187.00 |
| | **Grand total** | | **204768602.36** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-12 | 7026.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 140300.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 35473827.00 |
| 460000000 | Loans, Advances and Deposits | RP-49 | 1375595.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 50505.00 |
| 350000000 | Other Liabilities | RP-35 | 64819269.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 102786122.36 |

**Deputy director**
**Malappuram**